# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## സീതത്തോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി.6 - 305/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 26/03/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
സീതത്തോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി.6 - 305/2022 തീയ്യതി: 26/03/2022

## പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 03-03-2022 | 14-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-03-2022 | 14-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ അനിൽകുമാർ റ്റി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ ഹരികുമാർ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ അരുൺ പി.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലേഖാ സുരേഷ് | പ്രസിഡന്റ് | 01-04-2019 | 01-07-2019 |
| ശ്രീമതി ബീനാ മോഹനൻ | പ്രസിഡന്റ് | 02-07-2019 | 23-07-2019 |
| ശ്രീമതി ബീനാ മുഹമ്മദ് റാഫി | പ്രസിഡന്റ് | 24-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അശോകകുമാർ ജി | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ പി.ആർ. വിജയസേനൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 17-04-2019 |
| ശ്രീ എബ്രഹാം ശാമുവൽ കെ. | അസിസ്റ്റന്റ് സെക്രട്ടറി | 04-07-2019 | 22-07-2019 |
| ശ്രീ വിശ്വരാജ് എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 30-07-2019 | 15-12-2019 |
| ശ്രീ ഉല്ലാസ്സ് ബി. | അസിസ്റ്റന്റ് സെക്രട്ടറി | 16-12-2019 | 31-03-2020 |
| ശ്രീ രാഘവൻ പി.സി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ ബെഞ്ചി ഡാനിയേൽ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. അരുൺകുമാർ എം.വി. | വെറ്ററിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ഡോ. വിൻസന്റ് സേവ്യർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ. ലിമ കെ. സെൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ. ഷിജി റ്റി.എ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീ. സിജു.എസ്സ്.എസ്സ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി വിജയകുമാരി എസ്സ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 28-11-2019 |
| ശ്രീമതി വനജകുമാരി വി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 29-11-2019 | 10-12-2019 |
| ശ്രീമതി വിശാലക്ഷ്മി എൽ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11-12-2019 | 06-01-2020 |

| | | | |
|---|---|---|---|
| ശ്രീമതി വനജകുമാരി വി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 07-01-2020 | 31-03-2020 |
| ശ്രീമതി ജെസിയാമ്മ ജോഷ്വ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-05-2019 |
| ശ്രീമതി മേരി എസ്സ്. | ഹെഡ് മാസ്റ്റർ | 01-06-2019 | 31-03-2020 |
| ശ്രീ അനിയൻ എ.കെ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-12-2019 |
| ശ്രീ മനോജ് ബി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-01-2020 | 04-03-2020 |
| ശ്രീ സജീഷ് കുമാർ ജെ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 05-03-2020 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M Harikumar (Asst. Audit Officer, On 04-03-2022)<br>Last Updated By: M Harikumar (Asst. Audit Officer, On 04-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധന-അപാകതകൾ<br>Written By: M Harikumar (Asst. Audit Officer, On 09-03-2022)<br>Last Updated By: T Anilkumar (Audit Officer (HG), On 24-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: M Harikumar (Asst. Audit Officer, On 05-03-2022)<br>Last Updated By: T Anilkumar (Audit Officer (HG), On 24-03-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: M Harikumar (Asst. Audit Officer, On 05-03-2022)<br>Last Updated By: T Anilkumar (Audit Officer (HG), On 24-03-2022) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗം- സ്റ്റേറ്റ്മെന്റിലെ അപാകതകൾ<br>Written By: M Harikumar (Asst. Audit Officer, On 05-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-03-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Arun P B (Senior Grade Auditor, On 13-03-2022)<br>Last Updated By: Arun P B (Senior Grade Auditor, On 13-03-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: M Harikumar (Asst. Audit Officer, On 09-03-2022)<br>Last Updated By: M Harikumar (Asst. Audit Officer, On 09-03-2022) | 1-6 |
| 8 | ക്ഷേമ പെൻഷനുകൾ<br>Written By: Arun P B (Senior Grade Auditor, On 13-03-2022)<br>Last Updated By: T Anilkumar (Audit Officer (HG), On 24-03-2022) | 1-7 |
| 9 | കാഷ് ബാലൻസ് പരിശോധന<br>Written By: M Harikumar (Asst. Audit Officer, On 05-03-2022)<br>Last Updated By: M Harikumar (Asst. Audit Officer, On 10-03-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: M Harikumar (Asst. Audit Officer, On 05-03-2022)<br>Last Updated By: M Harikumar (Asst. Audit Officer, On 12-03-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: M Harikumar (Asst. Audit Officer, On 05-03-2022)<br>Last Updated By: M Harikumar (Asst. Audit Officer, On 05-03-2022) | 1-10 |
| 12 | ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില- അവലോകനം<br>Written By: M Harikumar (Asst. Audit Officer, On 10-03-2022)<br>Last Updated By: T Anilkumar (Audit Officer (HG), On 24-03-2022) | 1-11 |
| 13 | ലൈസൻസ് നൽകൽ-ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല<br>Written By: Arun P B (Senior Grade Auditor, On 13-03-2022)<br>Last Updated By: M Harikumar (Asst. Audit Officer, On 14-03-2022) | 1-12 |
| 14 | വസ്തുനികുതി-ഉപയോഗക്രമം അനുസരിച്ച് നികുതി നിർണ്ണയിക്കാത്തതിനാൽ വരുമാന നഷ്ടം<br>Written By: Arun P B (Senior Grade Auditor, On 13-03-2022)<br>Last Updated By: T Anilkumar (Audit Officer (HG), On 24-03-2022) | 1-13 |
| 15 | എല്ലാ വ്യാപാര സ്ഥാപനങ്ങളും വ്യാപാര ലൈസൻസ് എടുക്കുന്നില്ല<br>Written By: Arun P B (Senior Grade Auditor, On 13-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-03-2022) | 1-14 |
| 16 | റേഷൻ ഡിപ്പോകളിൽ നിന്ന് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല | 1-15 |

| | | |
|---|---|---|
| | Written By: Arun P B (Senior Grade Auditor, On 13-03-2022)<br>Last Updated By: M Harikumar (Asst. Audit Officer, On 22-03-2022) | |
| 17 | അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് ചട്ടപ്രകാരം നടപടി സ്വീകരിച്ചില്ല<br>Written By: Arun P B (Senior Grade Auditor, On 13-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-03-2022) | 1-16 |
| 18 | യഥാസമയം അറ്റകുറ്റപ്പണി നടത്തി വാടകയ്ക്ക് നൽകിയില്ല-വരവിനത്തിൽ കുറവ്<br>Written By: Arun P B (Senior Grade Auditor, On 13-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-03-2022) | 1-17 |
| 19 | സംയുക്ത പദ്ധതികൾക്ക് ലഭിക്കുന്ന ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു<br>Written By: M Harikumar (Asst. Audit Officer, On 10-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-03-2022) | 1-18 |
| 20 | കമ്മ്യൂണിറ്റി ഹാളിന് മൈക്കും അനുബന്ധ ഉപകരണങ്ങളും - അധികം തുക ചെലവഴിച്ചു<br>Written By: M Harikumar (Asst. Audit Officer, On 10-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-03-2022) | 1-19 |
| 21 | തനത് ഫണ്ടിന്റെ അപര്യാപ്തത - ഫണ്ട് വകമാറ്റി ചെലവഴിക്കുന്നു<br>Written By: M Harikumar (Asst. Audit Officer, On 10-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-03-2022) | 1-20 |
| 22 | ശബരിമല തീർത്ഥാടനം- ഫണ്ട് വിനിയോഗം<br>Written By: M Harikumar (Asst. Audit Officer, On 10-03-2022)<br>Last Updated By: M Harikumar (Asst. Audit Officer, On 14-03-2022) | 1-21 |
| 23 | അങ്കണവാടികൾക്ക് ഫർണീച്ചർ - നടപടി ക്രമങ്ങളിലെ വീഴ്ചമൂലം അധികച്ചെലവ്<br>Written By: M Harikumar (Asst. Audit Officer, On 12-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-03-2022) | 1-22 |
| 24 | വൃദ്ധ ജനങ്ങൾക്ക് കട്ടിൽ വാങ്ങൽ പദ്ധതി- ടെണ്ടർ നടപടി ക്രമങ്ങളിലെ പോരായ്മകൾ<br>Written By: M Harikumar (Asst. Audit Officer, On 10-03-2022)<br>Last Updated By: T Anilkumar (Audit Officer (HG), On 24-03-2022) | 1-23 |
| 25 | പ്രവൃത്തി പൂർത്തിയായിട്ടും നിക്ഷേപിച്ച തുകയുടെ ബാക്കി ലഭിച്ചില്ല<br>Written By: M Harikumar (Asst. Audit Officer, On 10-03-2022)<br>Last Updated By: M Harikumar (Asst. Audit Officer, On 14-03-2022) | 1-24 |
| 26 | നടപടിക്രമങ്ങൾ പാലിക്കാതെയുള്ള തീരുമാനം അധിക ചെലവിനിടയാക്കി<br>Written By: M Harikumar (Asst. Audit Officer, On 14-03-2022)<br>Last Updated By: T Anilkumar (Audit Officer (HG), On 15-03-2022) | 1-25 |
| 27 | അഗതി രഹിത കേരളം പദ്ധതി -അവലോകനം<br>Written By: M Harikumar (Asst. Audit Officer, On 10-03-2022)<br>Last Updated By: T Anilkumar (Audit Officer (HG), On 24-03-2022) | 1-26 |
| 28 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - അപാകതകൾ<br>Written By: T Anilkumar (Audit Officer (HG), On 14-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-03-2022) | 1-27 |
| 29 | ടെണ്ടർ ക്ഷണിക്കാതെ കരാർ നൽകി<br>Written By: T Anilkumar (Audit Officer (HG), On 14-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-03-2022) | 1-28 |
| 30 | എല്ലാ മരാമത്ത് പ്രവൃത്തികളും ടെണ്ടർ ചെയ്തില്ല<br>Written By: T Anilkumar (Audit Officer (HG), On 14-03-2022)<br>Last Updated By: T Anilkumar (Audit Officer (HG), On 23-03-2022) | 1-29 |

| | | |
|---|---|---|
| 31 | ഗുണഭോക്തൃസമിതികൾ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ - കണക്കുകൾ ഹാജരാക്കിയില്ല<br>Written By: T Anilkumar (Audit Officer (HG), On 14-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-03-2022) | 1-30 |
| 32 | വി.ഇ.ഒ-യുടെ പദ്ധതി നിർവ്വഹണം - ഫണ്ട് ചെലവഴിക്കുന്നതിൽ വീഴ്ച<br>Written By: T Anilkumar (Audit Officer (HG), On 14-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-03-2022) | 1-31 |
| 33 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ - ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: T Anilkumar (Audit Officer (HG), On 14-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-03-2022) | 1-32 |
| 34 | വീട്ടുവളപ്പിൽ പച്ചക്കറി കൃഷി (വനിത) – ചെലവ് രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല<br>Written By: T Anilkumar (Audit Officer (HG), On 14-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-03-2022) | 1-33 |
| 35 | കാർഷിക പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കിയില്ല<br>Written By: T Anilkumar (Audit Officer (HG), On 14-03-2022)<br>Last Updated By: T Anilkumar (Audit Officer (HG), On 24-03-2022) | 1-34 |
| 36 | ടെണ്ടർ ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നത് 2.72 ലക്ഷം രൂപ<br>Written By: T Anilkumar (Audit Officer (HG), On 14-03-2022)<br>Last Updated By: T Anilkumar (Audit Officer (HG), On 24-03-2022) | 1-35 |
| 37 | ഇ-ടെണ്ടർ ഫീസ് പിരിക്കുന്നതിന് പ്രത്യേക അക്കൌണ്ട് അരംഭിച്ചില്ല<br>Written By: T Anilkumar (Audit Officer (HG), On 14-03-2022)<br>Last Updated By: T Anilkumar (Audit Officer (HG), On 14-03-2022) | 1-36 |
| 38 | അനർഹരായവർക്ക് ക്ഷേമ പെൻഷൻ അനുവദിച്ചു - വിശദമായ അന്വേഷണം ആവശ്യം<br>Written By: T Anilkumar (Audit Officer (HG), On 14-03-2022)<br>Last Updated By: T Anilkumar (Audit Officer (HG), On 23-03-2022) | 1-37 |
| 39 | അങ്കണവാടികളിലെ അടിസ്ഥാന സൌകര്യങ്ങൾ - അവലോകനം<br>Written By: T Anilkumar (Audit Officer (HG), On 14-03-2022)<br>Last Updated By: T Anilkumar (Audit Officer (HG), On 23-03-2022) | 1-38 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | അങ്കണവാടികൾക്ക് ഫർണീച്ചർ - നടപടി ക്രമങ്ങളിലെ വീഴ്ചമൂലം അധികച്ചെലവ്<br>Written By: T Anilkumar (Audit Officer (HG), On 15-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-03-2022) | 3-1 |
| 2 | നടപടിക്രമങ്ങളിലെ വീഴ്ചമൂലം അധികച്ചെലവ്<br>Written By: T Anilkumar (Audit Officer (HG), On 15-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-03-2022) | 3-2 |
| | **ഭാഗം 4** | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Arun P B (Senior Grade Auditor, On 14-03-2022)<br>Last Updated By: T Anilkumar (Audit Officer (HG), On 24-03-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: M Harikumar (Asst. Audit Officer, On 09-03-2022)<br>Last Updated By: M Harikumar (Asst. Audit Officer, On 09-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: M Harikumar (Asst. Audit Officer, On 05-03-2022) | 4-3 |

| | | |
|---|---|---|
| | Last Updated By: M Harikumar (Asst. Audit Officer, On 05-03-2022) | |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: M Harikumar (Asst. Audit Officer, On 03-03-2022)<br>Last Updated By: M Harikumar (Asst. Audit Officer, On 05-03-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: M Harikumar (Asst. Audit Officer, On 05-03-2022)<br>Last Updated By: M Harikumar (Asst. Audit Officer, On 05-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: M Harikumar (Asst. Audit Officer, On 05-03-2022)<br>Last Updated By: M Harikumar (Asst. Audit Officer, On 05-03-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ<br>Written By: M Harikumar (Asst. Audit Officer, On 05-03-2022)<br>Last Updated By: M Harikumar (Asst. Audit Officer, On 05-03-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: M Harikumar (Asst. Audit Officer, On 05-03-2022)<br>Last Updated By: M Harikumar (Asst. Audit Officer, On 05-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M Harikumar (Asst. Audit Officer, On 05-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M Harikumar (Asst. Audit Officer, On 04-03-2022)<br>Last Updated By: T Anilkumar (Audit Officer (HG), On 24-03-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 21.02.2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 1,07,35,218രൂപ മുന്നിരിപ്പും 32,70,79,000 രൂപ വരവും 33,10,79,750 രൂപ ചെലവും 67,34,468 രൂപ നീക്കിയിരുപ്പും പ്രതീക്ഷിക്കുന്ന ബജറ്റിനാണ് അംഗീകാരം നൽകിയിട്ടുള്ളത്.

### 1-2 വാർഷിക ധനകാര്യ പത്രിക പരിശോധന-അപാകതകൾ

സ്ഥാപനത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഷെഡ്യൂൾ ബി 3 : Capital Cintribution-മുൻവർഷത്തെ തുകതന്നെയാണ് രേഖപ്പെടുത്തി- യിരിക്കുന്നത്. തൻവർഷം ആസ്തികൾ സൃഷ്ടിക്കുന്നതിന് ചെലവഴിച്ച തുക ബന്ധപ്പെട്ട ഹെഡിലേക്ക് മാറ്റിയിട്ടില്ല.

2. വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വാർഷിക കണക്കിൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക | ചെലവ് തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 1235294 | 1235294 |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 132353 | 132353 |
| വികസന ഫണ്ട് റ്റി.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 14706 | 14706 |

3. ഷെഡ്യൂൾ ബി5: Secured Loan From KURDFC- ലോൺ തുകയായ 2,01,39,375 രൂപയിൽ 2019-20 സാമ്പത്തിക വർഷത്തിൽ 13,82,353 രൂപ സ്രോതസ്സിൽ നിന്നും റിക്കവറി നടത്തിയിട്ടുണ്ട്. എന്നാൽ ലോൺ ഹെഡിൽ തിരിച്ചടച്ച തുക അക്കൗണ്ട് ചെയ്തിട്ടില്ല. വാർഷിക കണക്കിൽ നിലവിൽ 2,01,39,375 രൂപ തന്നെ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നു.

4. വസ്തു നികതി- ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

5. ഷെഡ്യൂൾ ബി-18: വിവിധ നിർവ്വഹണ ഏജൻസികൾക്ക് വർഷങ്ങളായി നൽകിയിട്ടുള്ള മുൻകൂറുകൾ, വിനിയോഗ വിവരം രേഖപ്പെടുത്തി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.

Deposit With KWA - Rs. 76,681.00

Depoist With KSEB - Rs. 18,77,071.00

Deposit GWA - Rs. 1,95,947.00

6.ഷെഡ്യൂൾ I-6 & I-14(a): MG-NREGA- ലഭ്യമാക്കിയിട്ടുള്ള വരവ് ചെലവ് കണക്കുകൾ, വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

7. ഷെഡ്യൂൾ B-11(a): Capital Work In Progress: വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക യക്ക് മതിയായ രേഖകൾ ഇല്ല. തുകയുടെ കൃത്യത ബോധ്യപ്പെട്ടില്ല.

8. ഷെഡ്യൂൾ B7: Deposits Received: തുകയുടെ കൃത്യത പരിശോധിക്കാൻ ആവശ്യമായ രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

9. ഷെഡ്യൂൾ B4-320200307: ശബരിമല സ്പെഷ്യൽ ഫണ്ട്- വാർഷിക കണക്കിലെ തുകയും രജിസ്റ്ററിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

10. ഷെഡ്യൂൾ B4: ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകയുടെ നീക്കിയിരുപ്പ് B17 ഷെഡ്യൂളിലെ ബന്ധപ്പെട്ട അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 74,51,997 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 9,90,06,881 |
| ആകെ വരവ് | 10,64,58,878 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,14,84,209 |
| നീക്കിയിരിപ്പ് | 2,49,74,669 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | ട്രഷറി ക്യൂ ബിൽ | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | ഇല്ല | 43814000 | 43814000 | 19834236 | 9835144 | 14144620 |
| വികസന ഫണ്ട്- എസ്.സി.പി | ,, | 4169491 | 4169491 | 1454528 | 952398 | 1762565 |
| വികസന ഫണ്ട്- ടി.എസ്.പി | ,, | 433610 | 433610 | 314706 | -- | 118904 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | Xx | Xx | Xx | Xx | | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | ഇല്ല | 30096419 | 30096419 | 14871032 | 8258363 | 6967024 |
| മെയിന്റനൻസ്, റോഡ് | ,, | 12240000 | 12240000 | 6311098 | 3573271 | 2355631 |
| മെയിന്റനൻസ്, നോൺ-റോഡ് | ,, | 7308000 | 7308000 | 3015316 | 1124370 | 3168314 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| ശുചിത്വ മിഷൻ | 1759846 | 228000 | 1987846 | 395655 | -- | 1592191 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| ഐ.സി.ഡി.എസ്. | -- | 554014 | 554014 | 294727 | -- | 259287 |

## 1-4-1 ഗ്രാന്റ് വിനിയോഗം- സ്റ്റേറ്റ്മെന്റിലെ അപാകതകൾ

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക | ചെലവ് തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 1235294 | 1235294 |
| വികസന ഫണ്ട്- എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 132353 | 132353 |
| വികസന ഫണ്ട് റ്റി.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 14706 | 14706 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പദ്ധതിയുടെ ശതമാനം |
|---|---|---|---|---|---|
| 323 | 262740517 | 152 | 48120371 | 171 | 47.05 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9638 | 1120141 | 1129779 | 618248 | 511531 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 27736989 | 27736989 | 27736989 | -- |

## 1-7 ക്ഷേമ പെൻഷനുകൾ

| *പെൻഷൻ ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *ചെലവ് തുക* |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 3016 | 9139500 |
| വിധവാ പെൻഷൻ | 1277 | 3813600 |
| കർഷക തൊഴിലാളി പെൻഷൻ | 623 | 1804200 |
| വികലാംഗ പെൻഷൻ | 380 | 1121400 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 18 | 54000 |
| തൊഴിൽ രഹിത വേതനം | 126 | 106680 |

## 1-8 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.03.2022 03.30 PM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9,811 (ഒൻപതിനായിരത്തി എണ്ണൂറ്റി പതിനൊന്ന്) രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

അക്കൗണ്ടിംഗ് സമ്പ്രദായം , ക്യാഷ് & ബാങ്ക് എന്നിവയിന്മേലുള്ള നിയന്ത്രണം

ജി.ഒ.(എം.എസ്.) 83/11/തസ്വഭവ തീയതി 28-03-2011 പ്രകാരമാണ് 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ നിലവിൽ വന്നിട്ടുള്ളത്. ദിവസേനയുള്ള നികുതി/നികുതിയേതര വരവുകൾ അതാത് ദിവസം തന്നെ സാംഖ്യയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ചെലവിന്റെ കാര്യത്തിൽ ആയത് സംഭവിക്കുന്ന മുറയ്ക്ക് രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. കേന്ദ്ര /സംസ്ഥാന ഗവൺമെന്റ് ഗ്രാന്റുകൾ, മറ്റ് വരവുകൾ എന്നിവ ലഭിക്കുന്ന വേളയിൽ തന്നെ അക്കൗണ്ട് ചെയ്യപ്പെടാതിരിക്കുകയും അവയുടെ ചെലവുകൾ കൃത്യമാക്കി അക്കൗണ്ട് ചെയ്യുന്നതിലും പോരായ്മകൾ ഉണ്ട്. വരവ് ചെലവുകൾ തെറ്റായ ശീർഷകങ്ങളിൽ രേഖപ്പെടുത്തുന്ന പ്രവണത നിലനിൽക്കുന്നുണ്ട്. വിവിധ അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ യഥാസമയം നടത്തുന്നില്ല. മേൽക്കാരണങ്ങളാൽ സ്ഥാപനത്തിന്റെ ഒരു പ്രത്യേക സമയത്തെ സാമ്പത്തിക നില അപഗ്രഥനം ചെയ്യുന്നതിന് അധികൃതർക്ക് സാധിക്കുന്നില്ല.

ലെഡ്ജർ അക്കൗണ്ടുകൾ നിർദ്ദിഷ്ട ഇടവേളകളിൽ ബാലൻസ് ചെയ്ത് യഥാർത്ഥ കണക്കുകളുമായി

പൊരുത്തപ്പെടുത്തുന്നില്ല. സിസ്റ്റത്തിൽ രേഖപ്പെടുത്തുന്ന ജേണൽ എൻട്രികൾ രേഖകളാക്കി ഉന്നത അധികാരികൾ സാക്ഷ്യപ്പെടുത്തുന്നില്ല. അക്കൗണ്ടിംഗ് ചട്ടങ്ങൾ അനുശാസിക്കുന്ന മുഴുവൻ നടപടിക്രമങ്ങളും പാലിച്ചുവേണം വാർഷിക ധനകാര്യ പത്രിക തയ്യാറാക്കേണ്ടത്.

പൊതു നിയന്ത്രണങ്ങൾ

പൊതുമരാമത്ത് രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് കൃത്യമല്ല. ടെണ്ടർ. എഗ്രിമെന്റ്, സെക്യൂരിറ്റി നിക്ഷേപം എന്നിവ സംബന്ധിച്ച രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്ന വിവിധ മരാമത്ത് പ്രവൃത്തികൾക്കായി ചമയ്ക്കുന്ന കരാർ ഉടമ്പടിയിൽ കരാർ കാലാവധി സംബന്ധിച്ച് വ്യവസ്ഥ ഉൾപ്പെടുത്തുന്നില്ല. കരാർ കാലാവധി ലംഘിക്കുന്ന കരാറുകാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കണമെങ്കിൽ പ്രസ്തുത വ്യവസ്ഥ ഉൾപ്പെടുത്തിയേ മതിയാവു. മരാമത്ത് പ്രവൃത്തികൾ അകാരണമായി വൈകുന്ന പ്രവണത നിലനിൽക്കുന്നു.വർഷങ്ങളോളം പ്രവൃത്തികൾ സ്പിൽ ഓവർ തുടരുന്നഅവസ്ഥയാണുള്ളത്.ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിക്കേണ്ട ഇ-ടെണ്ടർ ഫീ നാളിതുവരെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. പ്രോജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്നുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. നാളിതുവരെ ആർജ്ജിച്ചിട്ടുള്ള എല്ലാ ആസ്തികളുടെയും വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03-08-2016 18-08-2016 | 2011-12മുതൽ 2015-16 വരെ | 24-06-2016 |
| പെർഫോമൻസ് ഓഡിറ്റ് | 21-10-2019മുതൽ 23-10-2019 വരെ | 02/2020 മുതൽ03/2021 വരെ | 08-09-2021 |

## 1-11 ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില- അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ തനത് വരുമാനവും ചെലവുകളും സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തനത് വരുമാനം | തുക | തനത് ചെലവുകൾ | തുക |
|---|---|---|---|
| നികുതി വരുമാനം (I-1) | 3397018 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ (1-10b) | 9461448 |
| വാടക (I-3) | 431741 | ഭരണപരമായ ചെലവുകൾ( I-11b) | 2233324 |
| ഫീസുകളും യൂസർ ചാർജ്ജും (I-4b) | 565865 | പ്രവർത്തനചെലവുകളും പരിപാലനവും (I-12b) | 2743273 |
| വിൽപ്പനയും കൂലി ചാർജ്ജും (I-5b) | 102740 | ബാങ്ക് ചാർജ്ജ് (I-13) | 59525 |
| പലിശ (I-8) | 126195 | | |
| മറ്റ് വരവുകൾ (I-9) | 26537 | | |
| വരവിൽ കവിഞ്ഞ് ചെലവ് | *9847474* | | |
| | 14497570 | | 14497570 |

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില ആശാവഹമല്ല. പൊതു ആവശ്യ ഗ്രാന്റ് ലഭിക്കുന്നതുകൊണ്ടു മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് എന്നിവ മുടക്കം കൂടാതെ നൽകാൻ കഴിയുന്നത് (തൻവർഷം ലഭിച്ച പൊതു ആവശ്യ ഗ്രാന്റ് 80,18,537 രൂപയാണ്). കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ധനകമ്മി 98.47ലക്ഷം രൂപയാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളും ഉത്തരവാദിത്വങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ തനത്ഫണ്ട് ആവശ്യമാണ്. ദൈനംദിന ചെലവുകൾ വർദ്ധിക്കുമ്പോഴും അതിനനുസൃതമായി വരുമാന വർദ്ധനവ് ഉണ്ടാകാത്തതുമൂലം പഞ്ചായത്തിൽ നിക്ഷിപ്തമായ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിന് സ്ഥാപനത്തിന് കഴിയാതെ വരുന്നു. പ്രാദേശിക സർക്കാരുകളിൽ അർപ്പിതമായിട്ടുള്ള ഭരണഘടനാപരമായ ചുമതലകൾ നിർവ്വഹിക്കുന്നതിന് പഞ്ചായത്തുകൾ സ്വയംപര്യാപ്തമാകേണ്ടത് അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മാർക്കറ്റിൽ ആധുനിക രീതിയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നത് വരുമാന വർദ്ധനവിന് ഇടയാക്കും. ഗ്രാമപഞ്ചായത്തിൽ വരുമാന വർദ്ധനവിന് സാധ്യതയുള്ള മറ്റൊരു മേഖല ഇക്കോ ടൂറിസമാണ്. വരുമാന വർദ്ധനവിവുള്ള മറ്റ് ക്രിയാത്മക നടപടികളും ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

## 1-12 ലൈസൻസ് നൽകൽ-ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം നിലവിൽ വന്നതിനെ തുടർന്ന് പഞ്ചായത്ത് രാജ് ആക്ടിലെ 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും' ലൈസൻസ് നൽകലുമായി ബന്ധപ്പെട്ട 232, 233 വകുപ്പുകളിൽ വരുത്തിയ ഭേദഗതി അനുസരിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്ന് മാറ്റി 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ പ്രകാരം ഭേദഗതി ഉത്തരവായിട്ടുണ്ട്. ആയതിനനുസരിച്ച് ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീ നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ലൈസൻസ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് 2019-20 സാമ്പത്തിക വർഷത്തിൽ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചതായി കാണുന്നില്ല. അപേക്ഷകളിലോ രജിസ്റ്ററിലോ തരം ഏതാണെന്നോ പട്ടിക 2 പ്രകാരം ഫീസ് എത്രയാണെന്നോ രേഖപ്പെടുത്തിയിട്ടില്ല.

2. സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ലൈസൻസ് അപേക്ഷകളിൽ മൂലധന നിക്ഷേപം കൃത്യമായി രേഖപ്പെടുത്തുന്നില്ല. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കാത്തതുമൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും, സർക്കുലറുകളും, ചട്ട ഭേദഗതികളും സമയബന്ധിതമായി നടപ്പാക്കുന്നതിൽ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി-ഉപയോഗക്രമം അനുസരിച്ച് നികുതി നിർണ്ണയിക്കാത്തതിനാൽ വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിലെ 4/276 നമ്പർ കെട്ടിടത്തിന്റെ ഉടമസ്ഥനായ ശ്രീ. പി.ആർ. രവീന്ദ്രൻ, പുത്തൻപുരയ്ക്കൽ, ആങ്ങമൂഴി എന്ന വ്യക്തി ടി കെട്ടിടത്തിൽ ഹോം സ്റ്റേ നടത്തുന്നതിനായി 2019-20 സാമ്പത്തിക വർഷവും മുൻ സാമ്പത്തിക വർഷങ്ങളിലും ലൈസൻസ് എടുത്തിട്ടുള്ളതാണ്. എന്നാൽ

വസ്തുനികുതി നിർണ്ണയം സംബന്ധിച്ച അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, ടി കെട്ടിടത്തിന് പാർപ്പിടാവശ്യത്തിനായാണ് നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുള്ളതെന്ന് കാണുന്നു. കെട്ടിടത്തിന്റെ ഉപയോഗക്രമത്തിന് അനുസരിച്ച് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ലാത്തതിനാൽ നികുതി വരുമാനത്തിൽ കുറവുണ്ടായി.

| കെട്ടിട നമ്പർ | വിസ്തീർണ്ണം | ഈടാക്കിയ വസ്തുനികുതി | ഈടാക്കേണ്ടിയിരുന്ന വസ്തുനികുതി | കുറവ് |
|---|---|---|---|---|
| 4/276 | 140 ച.മീ. | പാർപ്പിടാവശ്യത്തിന് 5 രൂപ/ച.മീ ക്രമത്തിൽ<br>140 X 5 = 700 രൂപ<br>റോഡിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവ് - 140 രൂപ<br>ആകെ വസ്തുനികുതി 840 രൂപ | ഹോം സ്റ്റേ 50 രൂപ/ച.മീ ക്രമത്തിൽ<br>140 X 50 = 7000 രൂപ<br>റോഡിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവ് - 1400 രൂപ<br>ആകെ വസ്തുനികുതി 8400 രൂപ | പ്രതിവർഷം 7560 രൂപ |

വസ്തുനികുതി നിർണ്ണയത്തിലെ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/05-03-2022) സെക്രട്ടറി നൽകിയ മറുപടിയിൽ, 2019-20 സാമ്പത്തിക വർഷവും മുൻ സാമ്പത്തിക വർഷങ്ങളിലും കെട്ടിടം ഹോം സ്റ്റേ ആയി പ്രവർത്തിച്ചിരുന്നതാണെന്നും പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ തെറ്റായി നികുതി നിർണ്ണയിച്ച് നൽകിയിട്ടുള്ളതാണെന്നും അറിയിച്ചു. 2020-21 സാമ്പത്തിക വർഷം മുതൽ കെട്ടിടത്തിലെ ഹോം സ്റ്റേയുടെ പ്രവർത്തനം അവസാനിപ്പിച്ചതായി ഉടമസ്ഥൻ രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കി. ഈ സാഹചര്യത്തിൽ, ഹോം സ്റ്റേയുടെ പ്രവർത്തനം ഉണ്ടായിരുന്ന കാലയളവിലെ വസ്തുനികുതി അതിനനുസരിച്ചുള്ള നിരക്കിൽ കണക്കാക്കി കുടിശ്ശികയായി ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-14 എല്ലാ വ്യാപാര സ്ഥാപനങ്ങളും വ്യാപാര ലൈസൻസ് എടുക്കുന്നില്ല

കേരളാ പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിൽ എഴുതി തയ്യാറാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 2019-20 സാമ്പത്തിക വർഷം 253 സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ 192 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ലൈസൻസ് എടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടേയും പട്ടിക തയ്യാറാക്കി ഡിമാന്റ് ചെയ്യുന്നതിനു പകരം ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ മാത്രം ഡിമാന്റിലുൾപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചുപോരുന്നത്. ആയതിന് അനുസൃതമായാണ് വാർഷിക കണക്കിലും ഡിമാന്റ് ഉൾപ്പെടുത്തുന്നത്. ഇത് ശരിയായ പ്രവണതയല്ല. വാർഡുതലത്തിൽ വസ്തുനികുതി പിരിവ് നടത്തുന്ന ഉദ്യോഗസ്ഥർ അതാത് വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളെ കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-15 റേഷൻ ഡിപ്പോകളിൽ നിന്ന് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ

ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.2019) അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ലൈസൻസ്, തൊഴിൽ നികുതി എന്നിവയുടെ പിരിവ് സംബന്ധിച്ച രജിസ്റ്ററുകൾ പരിശോധിച്ചതിൽ, റീട്ടെയിൽ റേഷൻ ഡിപ്പോകളിൽ നിന്ന് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.09/04-03-2022) സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ, റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിന് കത്ത് നൽകിയിട്ടും അവർ ഒടുക്കുവരുത്താതിരുന്നതിനാൻ ഇത് സംബന്ധിച്ച് താലൂക്ക് സപ്ലൈ ഓഫീസർ, ജില്ലാ സപ്ലൈ ഓഫീസർ എന്നിവർക്ക് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കി. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച്, നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളിൽ നിന്ന് തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-16 അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് ചട്ടപ്രകാരം നടപടി സ്വീകരിച്ചില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 31.07.2017-ന് മുൻപ് നടത്തിയിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് വേണ്ടി 2018-ൽ കേരള പഞ്ചായത്ത് (റെഗുലറൈസേഷൻ ഓഫ് അൺ ഓതറൈസ്ഡ് കൺസ്ട്രക്ഷൻ) ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. ടി ചട്ടം 15.02.2018-ൽ നിലവിൽ വന്നിട്ടുള്ളതാണ്. അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ ചട്ടം നിലവിൽ വന്ന് 90 ദിവസത്തിനകം സമർപ്പിക്കണമെന്ന നിർദ്ദേശം പിന്നീട് പലപ്പോഴായി 1319 ദിവസത്തിനകം എന്ന് ദീർഘിപ്പിച്ച് നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിൽ അനധികൃത കെട്ടിടങ്ങൾ സംബന്ധിച്ച വിവിരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പ്രകാരം താഴെച്ചേർക്കുന്ന കെട്ടിടങ്ങൾ 31.07.2017-ന് മുൻപ് നിർമ്മാണം നടത്തിയവയാണ്.

| ക്രമ നം | കെട്ടിടത്തിന്റെ വിവരം | നിർമ്മാണം പൂർത്തീകരിച്ച തീയതി |
|---|---|---|
| 1 | പ്രസന്ന മോഹൻ, പുത്തൻ പുരയിൽവീട്, കോട്ടമൺപാറ<br>I/1 UA, 139 ച.മീ. | 11.08.2014 |
| 2 | മറിയാമ്മ രാജു, ചരിവുപുരയിടത്തിൽ, ആങ്ങമൂഴി<br>II/1 UA, 48 ച.മീ. | 05.06.2014 |
| 3 | ഷിജു സ്കറിയ, എള്ളുംകാലായിൽ, വാലുപാറ<br>V/168A, | 18.01.2017 |

2018-ലെ ചട്ടപ്രകാരം, 31.07.2017-ന് മുൻപ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള ടി അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് നാളിതുവരെ അപേക്ഷ സമർപ്പിച്ചിട്ടില്ലായെന്നാണ് ഇത് സമബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/05-03-2022) സെക്രട്ടറി മറുപടി ലഭ്യമാക്കിയത്. അനധികൃത നിർമ്മാണത്തിന്റെ ഉടമസ്ഥൻ ക്രമവൽക്കരണത്തിനുള്ള അപേക്ഷ യഥാസമയം സമർപ്പിക്കാതിരുന്നാൽ ചട്ടത്തിലെ ചട്ടം 9 പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ട യാതൊരു തുടർനടപടികളും സെക്രട്ടറി സ്വീകരിച്ചിട്ടില്ല. തുടർനടപടികൾ സ്വീകരിക്കാതിരുന്നതിന് കാരണം വ്യക്തമാക്കേണ്ടതും അനധികൃത നിർമ്മാണങ്ങൾക്കെതിരെ നിലവിലെ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് സ്വീകരിച്ച തുടർനടപടികളുടെ വിവരം സഅറിയിക്കേണ്ടതുമാണ്.

## 1-17 യഥാസമയം അറ്റകുറ്റപ്പണി നടത്തി വാടകയ്ക്ക് നൽകിയില്ല-വരവിനത്തിൽ കുറവ്

ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള പൊതുമാർക്കറ്റിലെ ഓപ്പൺ സ്റ്റാൾ റൂം നമ്പർ 3, 5, 6, 7, 8, 9, 10, സ്റ്റെയർ കേസ് റൂം എന്നിവ 2019-20 സാമ്പത്തിക വർഷം വാടകയ്ക്ക് നൽകിയിട്ടില്ല. ഇവ വാടകയ്ക്ക് നൽകി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാതിരുന്നതിന്റെ സാഹചര്യം വിശദമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/05-03-2022) സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ, അറ്റകുറ്റപ്പണി നടത്താതിരുന്നതിനാൽ ടി സ്റ്റാളുകൾ ഓഡിറ്റ് വർഷം വാടകയ്ക്ക് നൽകുന്നതിന് അനുയോജ്യമായ സാഹചര്യത്തിൽ ആയിരുന്നില്ല എന്ന് വ്യക്തമാക്കി. ഇവയുടെ വാടകയിനത്തിൽ 2018-19 സാമ്പത്തിക വർഷം 69,696 രൂപ വരവുണ്ടായിരുന്നു. ഇവ സമയബന്ധിതമായി അറ്റകുറ്റപ്പണി നടത്തി ഓഡിറ്റ് വർഷം വാടകയ്ക്ക് നൽകിയിരുന്നുവെങ്കിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമുള്ള 5% വാടക വർദ്ധനവ് ഉൾപ്പെടെ തൻവർഷം 73,180 രൂപ വരവ് ഉണ്ടാകുമായിരുന്നു. തനത് വരുമാനം താരതമ്യേന കുറവായ സ്ഥിതിക്ക് ഗ്രാമപഞ്ചായത്തിൽ, സാധ്യമായ എല്ലാ സ്രോതസ്സിൽ നിന്നും വരുമാനം കണ്ടെത്തുവാൻ അധികൃതരുടെ ഭാഗത്തുനിന്ന് ശ്രമം ഉണ്ടാകേണ്ടതാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-18 സംയുക്ത പദ്ധതികൾക്ക് ലഭിക്കുന്ന ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു

സംയുക്ത പദ്ധതികളുടെ നിർവഹണത്തിനായി ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച തുകയിൽ 2,02,56,722 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി വാർഷിക ധനകാര്യപത്രിക വെളിപ്പെടുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സംയുക്ത പ്രോജക്ടുകളുടെ വിഭവ വിനിയോഗത്തിന് 23.01.2017-ലെ ജി.ഒ.(പി.)നം.07/2017/ധന. നമ്പർ ഉത്തരവ് പ്രകാരം ധനവകുപ്പ് പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന തുക അതേവർഷം ചെലവഴിക്കാൻ കഴിയില്ലെങ്കിൽ ഫെബ്രുവരി 28-നകം തുക നൽകിയ തദ്ദേശഭരണ സ്ഥാപനത്തിന് തിരികെ നൽകണം. സാമ്പത്തിക വർഷാന്ത്യത്തിൽ സംയുക്ത പ്രോജക്ടിന്റെ നിർവ്വഹണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽനിന്നുള്ള ചെലവും, ട്രഷറി തുകയും തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതും, അക്കൗണ്ടിൽ ചെലവാകാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരികെ അടക്കേണ്ടതുമാണ്. പൂർത്തിയാക്കാത്ത സംയുക്ത പ്രോജക്ടുകൾക്കുള്ള സ്പിൽഓവർ ബാദ്ധ്യത പ്രോജക്ടിന് പങ്കാളിത്തം വഹിക്കുന്ന തദ്ദേശസ്ഥാപനങ്ങൾ തങ്ങൾക്ക് തുടർന്നു വരുന്ന വർഷം ലഭിക്കുന്ന അലോട്ട്മെന്റിൽനിന്നും വകയിരുത്തേണ്ടതുമാണ്. സംയുക്ത പദ്ധതികൾക്ക് ലഭിക്കുന്ന തുക കൃത്യമായി അതത് പദ്ധതികൾക്ക് വിനിയോഗിക്കേണ്ടതും വിനിയോഗ വിവരം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളെ അറിയിക്കേണ്ടതുമാണ്. സംയുക്ത പദ്ധതികളുടെ വിനിയോഗത്തിന് പഞ്ചായത്ത് തലത്തിൽ ശക്തമായ മോണിറ്ററിംഗ് സംവിധാനം ഉണ്ടാകേണ്ടത് അനിവാര്യമാണ്.

## 1-19 കമ്മ്യൂണിറ്റി ഹാളിന് മൈക്കും അനുബന്ധ ഉപകരണങ്ങളും - അധികം തുക ചെലവഴിച്ചു

2019-20 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ആങ്ങമൂഴി കമ്മ്യൂണിറ്റി ഹാളിന് മൈക്കും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകൽ പദ്ധതി പ്രകാരം 38900 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ചെലവഴിച്ച തുക | 38900 |
| ബിൽ നം./തീയതി | 19051152004101516090/ 17-03-2020 |

കോട്ടയത്തുള്ള ആർ.ജെ. എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ വഴിയാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത് . പ്രസ്തുത സ്ഥാപനം ക്വോട്ട് ചെയ്ത ഇലക്ട്രോണിക്സ് ഉപകരണങ്ങളിൽ DVD PLAYER ONIX എന്ന ഐറ്റത്തിന് ക്വട്ടേഷനിൽ 2900 രൂപയായിരുന്നു വിലയിട്ടിരുന്നത്. എന്നാൽ സാധനം സപ്ളൈ ചെയ്തപ്പോൾ 3900 രൂപ ബില്ലിൽ ഉൾപ്പെടുത്തി പ്രതിഫലം നൽകിയിട്ടുണ്ട്. അധികമായി സ്ഥാപനത്തിന് നൽകിയ 1000 രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 1-20 തനത് ഫണ്ടിന്റെ അപര്യാപ്തത - ഫണ്ട് വകമാറ്റി ചെലവഴിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം നിക്ഷേപിക്കുന്നതിനായി 4 അക്കൗണ്ടുകളാണ് നിലവിൽ ഉള്ളത്.

ആയതിന്റെ 31-03-2020 പ്രകാരമുള്ള നീക്കിയിരുപ്പ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കോ-ഓപ്പറേറ്റീവ് ബാങ്ക്- 4798 | 401768 |
| ട്രഷറി റ്റി.എസ്.ബി. | 1458968 |
| ഓൺലൈൻ അക്കൗണ്ട്-എസ്.ബി.റ്റി. | 141117 |
| നോൺ ബാങ്കിംഗ് അക്കൗണ്ട്-എസ്.ബി.റ്റി. | 2201621 |
| ആകെ | 4203474 |

വിവിധ കേന്ദ്ര/സംസ്ഥാനവിഷ്കൃത പദ്ധതികൾ, ശബരിമല സ്പെഷ്യൽ ഫണ്ട്, ശുചിത്വമിഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ലഭിക്കുന്ന ഫണ്ടുകൾ തനത് ഫണ്ടിലാണ് നിക്ഷേപിക്കുന്നത്. പ്രസ്തുത ഇനങ്ങളിലുള്ള നീക്കിയിരുപ്പ് ചുവടെ ചേർക്കുന്നു.

| ഫണ്ട് | തുക |
|---|---|
| ശബരിമല സ്പെഷ്യൽ ഫണ്ട് | 27,21,221 |
| ഐ.സി.ഡി.എസ്. | 2,59,287 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 15,92,191 |

ഇവ കൂടാതെ തിരികെ നൽകേണ്ട സെക്യൂരിറ്റി നിക്ഷേപം ഇനത്തിൽ 13,34,724 രൂപ ബാധ്യതയുമുണ്ട്. ആകെ 59,07,423 രൂപയുടെ ബാധ്യത നിലനിൽക്കുമ്പോൾ, തനത് ഫണ്ടിൽ 42,03,474 രൂപ മാത്രമാണ് അവശേഷിക്കുന്നത്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളും ഋണശീർഷ തുകകളും തനത് ഫണ്ടിൽ നിക്ഷേപിക്കുന്നതുമൂലം, തനത് ഫണ്ടിന്റെ അപര്യാപ്തതകൊണ്ട് മേൽ ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്ന സാഹചര്യം ഉണ്ടാകുന്നുണ്ട്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ പ്രത്യേക അക്കൗണ്ട് തുടങ്ങി അതിൽ നിക്ഷേപിക്കുന്നത് അഭിലഷണീയമാണ്. ഇത് സംബന്ധിച്ച് ഉചിതമായ തീരുമാനം ഭരണസമിതി സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു

## 1-21 ശബരിമല തീർത്ഥാടനം- ഫണ്ട് വിനിയോഗം

ശബരിമല തീർത്ഥാടകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും സുഗമമായ തീർത്ഥാടനം ലക്ഷ്യമിട്ടുമാണ് വർഷംതോറും തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശബരിമല സ്പെഷ്യൽ ഫണ്ട് നൽകി വരുന്നത്. 2019-20 വർഷം ലഭിച്ച ഫണ്ടിന്റെ വരവ് ചെലവ് കണക്കുകൾ (രജിസ്റ്റർ പ്രകാരമുള്ളത്) ചുവടെ ചേർക്കുന്നു.

| വർഷം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|
| 2019-20 | 32,68,618 | 20,00,000 | 52,68,618 | 25,47,397 | 27,21,221 |

2019-20 സാമ്പത്തിക വർഷം ശബരിമല തീർത്ഥാടനത്തിനായി 25,47,397 രൂപ ചെലവഴിച്ചിട്ടുണ്ട്. ലഭിക്കുന്ന ശബരിമല ഫണ്ട് പ്രധാനമായും വിനിയോഗിക്കുന്നത് ഗ്രാമപഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശമായ പഞ്ഞിപ്പാറ ക്ഷേത്രവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനാണ്. സീതത്തോട് ഗ്രാമപഞ്ചായത്തിൽ നിന്ന് മകരജ്യോതി ദർശനം സാധ്യമാകുന്ന ഏകപ്രദേശമാണ് പഞ്ഞിപ്പാറ. ഇക്കാരണത്താൽ വർഷംതോറും പതിനായിരക്കണക്കിന് തീർത്ഥാടകരാണ് മകരജ്യോതി ദർശനത്തിനായി പഞ്ഞിപ്പാറയിൽ എത്തുന്നത്. ദുർഘടമായ വനപാതയിൽകൂടി ഏറെ ദൂരം സഞ്ചരിച്ചെങ്കിൽ മാത്രമേ ഈ പ്രദേശത്ത് എത്തിച്ചേരാൻ സധിക്കുകയുള്ളു. 2019-20 വർഷത്തെ ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | കുടിവെള്ള വിതരണം | 55500 |
| 2 | താൽക്കാലിക തെരുവ് വിളക്ക് | 127000 |
| 3 | താൽക്കാലിക കക്കൂസ് | 179500 |
| 4 | വിരി, കിടക്ക, പന്തൽ | 49750 |
| 5 | ശുചീകരണ സാമഗ്രികൾ | 49975 |
| 6 | ബാരിക്കേഡ് | 36000 |
| 7 | ലൈഫ് ഗാർഡ്, ശുചീകരണങ്ങൾ | 172400 |
| 8 | മുന്നറിയിപ്പ് ബോർഡ് | 99000 |

| | | |
|---|---|---|
| 9 | ചിപ്സ് വിരിക്കൽ | 22483 |
| 10 | മേശ, കസേര | 34903 |
| 11 | ഇൻഫർമേഷൻ സെന്റർ | 24750 |
| 12 | മറ്റ് ചെലവുകൾ | 175163 |
| 13 | ആങ്ങമൂഴി അമ്പലംപടി ടോയ്‌ലറ്റ് നിർമ്മാണം | 269510 |
| 14 | പഞ്ഞിപ്പാറ ക്ഷേത്രത്തിനോട് ചേർന്ന് ശബരിമല ഇടത്താവളം നിർമ്മാണം | 1251463 |
| | ആകെ | 2547397 |

നിലവിൽ ശബരിമല സ്പെഷ്യൽ ഫണ്ട് പഞ്ചായത്തിന്റെ തനത് ഫണ്ടിനൊപ്പം ട്രഷറിയിലാണ് സൂക്ഷിച്ചിട്ടുള്ളത്. ഇത് മൂലം പ്രസ്തുത ഫണ്ട് പഞ്ചായത്തിന്റെ മറ്റ് അവശ്യങ്ങൾക്കായി വകമാറ്റി ചെലവഴിക്കാൻ സാദ്ധ്യതയുണ്ട്. ആതിനാൽ ശബരിമല സ്പെഷ്യൽ ഫണ്ടിനായി സെക്രട്ടറിയുടെ പേരിൽ ഒരു പ്രത്യേക ബാങ്ക്/ ട്രഷറി അക്കൗണ്ട് ആരംഭിക്കുന്നത് അഭിലഷണീയമാണ്.

## 1-22 അങ്കണവാടികൾക്ക് ഫർണീച്ചർ - നടപടി ക്രമങ്ങളിലെ വീഴ്ചമൂലം അധികച്ചെലവ്

2019-20 സാമ്പത്തിക വർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി അങ്കണവാടികൾക്ക് ഫർണീച്ചർ വാങ്ങുന്നതിന് കൂടിയ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ച് വാങ്ങൽ നടത്തിയതിനാൽ 60020 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. അധികം ചെലവഴിച്ച തുക ഉത്തരവാദിയായവരിൽനിന്നും ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-1 കാണുക.

## 1-23 വൃദ്ധ ജനങ്ങൾക്ക് കട്ടിൽ വാങ്ങൽ പദ്ധതി- ടെണ്ടർ നടപടി ക്രമങ്ങളിലെ പോരായ്മകൾ

| നിർവഹണ ഉദ്യോഗസ്ഥർ | പദ്ധതിയുടെ പേര് /പ്രോജക്ട് നമ്പർ | അടങ്കൽ | വാങ്ങിയ കട്ടിലുകളുടെ എണ്ണം | പദ്ധതി ചെലവ് | ബിൽ നം./തീയതി |
|---|---|---|---|---|---|
| സെക്രട്ടറി | വയോജനങ്ങൾക്ക് കട്ടിൽ (എസ് 0018/20) | 4,90,000 | 126 | 4,89,888 | 4100929793/ 10-12-2109<br>4100971593/ 20-12-2019<br>4100968125/ 21-12-2019 |
| അസി സെക്രട്ടറി | വൃദ്ധജനങ്ങൾക്ക് കട്ടിൽ (എസ് 0025/20) | 1,50,000 | 38 | 1,47,744 | 4201002527/ 28-12-2019 |

2019-20 സാമ്പത്തിക വർഷം സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നിർവഹണം നടത്തിയ വൃദ്ധ ജനങ്ങൾക്ക് കട്ടിൽ വാങ്ങൽ പദ്ധതിക്കായി മുകളിൽ സൂചിപ്പിച്ച പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. രണ്ട് പദ്ധതികൾക്കുമായി ടെണ്ടർ ക്ഷണിച്ചതിൽ ഓരോ പദ്ധതിക്കും 7 ടെണ്ടറുകൾ വീതം ലഭിക്കുകയും ചെയ്തിട്ടുണ്ട്. 7 ടെണ്ടറുകൾ ലഭിച്ചതിൽ 3,127 മുതൽ 4,440 രൂപ വരെ വിലയുള്ള കട്ടിലുകളുടെ വിശദാംശങ്ങൾ ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ലഭിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാതെ ശ്രീ. വിനോദ് റ്റി.കെ, കുഴിമറ്റത്തിൽ കോട്ടയം എന്ന വ്യക്തി സമർപ്പിച്ച 3,888 രൂപ നിരക്കിലുള്ള ടെണ്ടറാണ് കമ്മിറ്റി അംഗീകരിച്ചത്.

"കുറഞ്ഞ നിരക്കിലുള്ള നിലവാരം കുറഞ്ഞ കട്ടിൽ വാങ്ങി കൂടുതൽ ഗുണഭോക്താക്കൾക്ക് നൽകുന്നതിനേക്കാൾ, നല്ല ഗുണമേന്മയുള്ളതും നിലവാരമുള്ളതുമായയ കട്ടിൽ വാങ്ങുന്നതാണ് നല്ലത് എന്ന പൊതു അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ 4,000 രൂപയിൽ താഴെ ഒരു കട്ടിലിന് ടെണ്ടർ സമർപ്പിച്ചവരിൽ നിന്നും സാമ്പിൾ വരുത്തി പ്രൊക്യുയർമെന്റ് കമ്മിറ്റി അംഗങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ.വിനോദ് റ്റി.കെ എന്ന വ്യക്തി സമർപ്പിച്ച ഹൈക്വാളിറ്റി മോഡൽ മഹാഗണിതടി കട്ടിലിന് ഒന്നിന് 3,888 രൂപ നിരക്കിലുള്ള ടെണ്ടർ

29-10-2010 തീയതിയിലെ പ്രൊക്യയർമെന്റ് കമ്മിറ്റിയുടെ 16-ാം നമ്പർ ശുപാർശ പ്രകാരം കമ്മിറ്റി അംഗീകരിച്ച്" എന്ന് 02-11-2019 -ലെ 12(3), 12(4) തീരുമാനങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിക്കാതിരുന്നതിനുള്ള തീരുമാനമാണ് മുകളിൽ സൂചിപ്പിച്ചിരിക്കുന്നത്. 27-08-2019-ലെ G106182/2109 വിൻഡോ പരസ്യ പ്രകാരമാണ് ടെണ്ടർ ക്ഷിച്ചിട്ടുള്ളത്. ആയതിൽ നൽകിയിട്ടുള്ള സ്പെസിഫിക്കേഷനിൽ വ്യക്തതയില്ല. സ്റ്റോർ പർച്ചേസ് മാന്വൽ 2013, സ.ഉ.പി നം.03/2013 എസ്.പി.ഡി. 21-06-2013 ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങളിൽ സ്പെസിഫിക്കേഷനുകൾ ഉപയോക്താവിന്റെ യഥാർത്ഥ അനിവാര്യ ആവശ്യങ്ങൾ മാത്രം നിറവേറ്റുന്നതായിക്കണമെന്നും, ആവശ്യത്തിലധികമായുള്ള സ്പെസിഫിക്കേഷനുകൾ അനാവശ്യമായ വില വർദ്ധവനവിനും മത്സരം പരിമിതപ്പെടുത്തുന്നതിനും ഇടയാക്കുമെന്നും പറയുന്നു.

ലഭിച്ച ടെണ്ടറുകളുടെ സ്പെസിഫിക്കേഷൻ അനുസരിച്ച്, ടെണ്ടറുകൾ തമ്മിൽ ഒരു താരതമ്യ പഠനം നടത്തുക അസാധ്യമായിരിക്കുന്നു. പല വലിപ്പത്തിലുള്ളവ, വിവിധയിനം തടിയിൽ തീർത്തവ, പല ഗുണനിലവാരത്തിലുള്ളവ, 2 മുതൽ 10 വർഷം വരെ വാറന്റിയുള്ളവ ഇങ്ങനെ നീളുന്നു സ്പെസിഫിക്കേഷനിലെ വൈവിധ്യം. സ്റ്റോർ പർച്ചേസ് മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം വ്യക്തമായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തി ടെണ്ടർ ക്ഷണിക്കാതിരുന്നതിനാലാണ് മേൽപറഞ്ഞ പ്രകാരം താരതമ്യ പഠനം അസാധ്യമായ രീതിയിലുള്ള ടെണ്ടറുകൾ ലഭിക്കാൻ ഇടയായിട്ടുള്ളതെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. താരതമ്യം പഠനം അസാധ്യമാകുമ്പോൾ എറ്റവും കുറഞ്ഞ വിലയിലുള്ള ക്വട്ടേഷനുകൾ അംഗീകരിക്കുന്നതാണ് ഉചിതം. ഏതെങ്കിലും ടെണ്ടർ നിരാകരിക്കേണ്ടി വരുമ്പോൾ ആയതിന് ഉചിതമായ കാരണം രേഖപ്പെടുത്തേണ്ടതാണ്. തടി ഉൽപ്പന്നങ്ങളുടെ ഗുണനിലവാര പരിശോധന ഫോറസ്റ്റ് റേഞ്ച് ഓഫീസറിൽ കുറയാത്ത റാങ്ക് ഉള്ള ഉദ്യോഗസ്ഥന കൊണ്ട് പരിശോധിച്ച് ഗുണനിലവാരം ഉറപ്പിക്കേണ്ടതുമാകുന്നു. തടിയുടെ ഗുണനിലവാര പരിശോധിക്കുന്നതിന് ക്ഷമതയുള്ള ഒരു ഉദ്യോഗസ്ഥന്റെ സേവനം ഉപയോഗപ്പെടുത്താതെ പ്രോക്യൂർമെന്റ് കമ്മിറ്റി അംഗങ്ങൾ ഏകപക്ഷീയമായി ഗുണനിലവാര നിർണ്ണയം നടത്തി ഉയർന്ന നിരക്കിലുള്ള കട്ടിലുകൾ വാങ്ങിയത് ശരിയായ നടപടിയല്ല. ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾസ്റ്റോർ പർച്ചേസ് മാന്വൽ കൃത്യമായി പാലിക്കുന്നതിനും ടെണ്ടർ നടപടികളിൽ സുതാര്യതയും സാമ്പത്തിക അച്ചടക്കവും പാലിക്കുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-24 പ്രവൃത്തി പൂർത്തിയായിട്ടും നിക്ഷേപിച്ച തുകയുടെ ബാക്കി ലഭിച്ചില്ല

ആങ്ങമൂഴി ഇടുപ്പകല്ല് കുഴൽ കിണർ നിർമ്മാണത്തിനായി (പ്രോജക്ട് നം. എസ്.0172/20) തൻവർഷം 76,681 രൂപ പത്തനംതിട്ട ഭൂജല വകുപ്പിന് കൈമാറുകയുണ്ടായി പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് 08-12-2021-ൽ പൂർത്തീകരണ സാക്ഷ്യപത്രം പഞ്ചായത്തിൽ ലഭിക്കുകയുണ്ടായി. വിനിയോഗ രേഖ പ്രകാരം 21,935 രൂപ മാത്രമാണ് ചെലവായിട്ടുള്ളത്. 54,746 രൂപ നിലവിൽ ഭൂജവ വകുപ്പിന്റെ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. കുഴൽ കിണറ്റിൽ ഒരു ജല വിതരണ പദ്ധതി നിർമ്മിക്കുന്നതിന് ആവശ്യമായ 5000 ലിറ്റർ ജലലഭ്യത ഒരു മണിക്കൂറിൽ ലഭ്യമാണെന്നും ആയതിന് മിച്ചമുള്ള തുക ഉപയോഗിച്ച് ജലവിതരണ പദ്ധതിയും ഹാൻഡ് പമ്പും സ്ഥാപിക്കേണ്ടതുണ്ടോ എന്നും അറിയിക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നു. ആയതിന് പഞ്ചായത്ത് മറുപടി നൽകുകയോ ഭരണാനുമതി നൽകുകയോ ചെയ്തിട്ടില്ല. ആയത് സംബന്ധിച്ച് യുക്തമായ തീരുമാനം ഭരണസമിതി സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-25 നടപടിക്രമങ്ങൾ പാലിക്കാതെയുള്ള തീരുമാനം അധിക ചെലവിനിടയാക്കി

സീതക്കുഴി വനിതാ കമ്മ്യൂണിറ്റി ഹാൾ വയറിംഗ് പ്രവൃത്തി നടപടിക്രമങ്ങൾ പാലിക്കാതെ റീ ടെണ്ടർ ചെയ്തതുവഴി 12,647 രൂപ അധിക ചെലവിനിടയാക്കിയതായി ഓഡിറ്റിൽ വ്യക്തമായി. ഈ ഇനത്തിൽ അധികം ചെലവഴിച്ച തുക ഉത്തരവാദികളായവരിൽനിന്നും ഈടാക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-2 കാണുക.

## 1-26 അഗതി രഹിത കേരളം പദ്ധതി -അവലോകനം

പഞ്ചായത്തിലെ അശരണരും നിരാലംബരുമായ മുഴുവൻ കുടുംബങ്ങളും, നിലവിലെ ആശ്രയ

പദ്ധതിയിലുൾപ്പെട്ടിട്ടുള്ളവരും തുടർന്നും സേവനത്തിന് അർഹരായവരുമായ ഗുണഭോക്താക്കളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനാണ് അഗതി രഹിത കേരളം എന്ന പദ്ധതി ആവിഷ്കരിച്ചത്. 16.3.2019-ലാണ് ഗ്രാമപഞ്ചായത്തിന്റെ അഗതിരഹിത കേരളം പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചത്. 2,82,71,800 രൂപ അടങ്കലുള്ള പ്രസ്തുത പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ഓഡിറ്റ് വർഷം കുടുംബശ്രീ ചലഞ്ച് ഫണ്ട് ഇനത്തിൽ 6,13,536 രൂപയും വികസന ഫണ്ടിനത്തിൽ 8,00,000 രൂപയുമാണ് ലഭിച്ചിട്ടുള്ളത്. 2019-20 വർഷത്തെ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| വരവ് | തുക | ചെലവ് | തുക |
|---|---|---|---|
| മുന്നിരിപ്പ് | 39,15,316 | ഭക്ഷണ വിതരണം | 10,41,278 |
| ഗ്രാമപഞ്ചായത്ത്-വികസനഫണ്ട് | 8,00,000 | ഭക്ഷണ വിതരണം-എസ്.റ്റി. | 1,90,370 |
| ചലഞ്ച് ഫണ്ട് | 6,13,536 | ട്രോൻസ്പോർട്ടേഷൻ ചാർജ്ജ് | 19,100 |
| ബാങ്ക് പലിശ | 1,25,697 | ഓഫീസ് ചെലവുകൾ | 3,500 |
| | | ബാങ്ക് ചാർജ്ജ് | 119 |
| | | | 12,54,367 |
| | | നീക്കിയിരുപ്പ് | 4200182 |

ഭക്ഷണ കിറ്റ് വിതരണം മാത്രമാണ് 2019-20 സാമ്പത്തിക വർഷം നടന്നിട്ടുള്ളത്. മറ്റോരു ആനുകൂല്യവും നൽകിയിട്ടില്ല. ലഭിച്ച വികസന ഫണ്ടിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല. അഗതി രഹിത കേരള പദ്ധതിയ്ക്കായുള്ള അക്കൗണ്ടിൽ 31.3.2020-ൽ 42,00,182 രൂപ നീക്കിയിരിപ്പുണ്ട്. ഫണ്ടുണ്ടായിട്ടും പദ്ധതി പ്രകാരം മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിന് ശ്രമം ഉണ്ടായിട്ടില്ല. പദ്ധതിയുടെ മോണിട്ടറിംഗ് കൃത്യമായി നടത്തുവാനും പരമാവധി ആനുകൂല്യം ഗുണഭോക്താകൾക്ക് ലഭ്യമാക്കുന്നതിനും ഭരണസമിതിയും കുടുംബശ്രീ സി.ഡി.എസും ഇടപെടൽ നടത്തേണ്ടതാണ്. ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ ലഭ്യമാക്കുന്ന തിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - അപാകതകൾ

അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ഫയലുകളും, അനുബന്ധ രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് ചെറുതും , ഫലക്ഷമത കുറഞ്ഞതുമായ പദ്ധതികൾ നടപ്പിലാക്കുന്നു

പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ ആവിഷ്കരിക്കുന്നതിന് പകരം വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. ഓഡിറ്റ് വർഷം സ്പിൽ ഓവർ ഉൾപ്പടെ ആകെ 222 മരാമത്ത് പ്രവൃത്തികളാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ഇവയിൽ കേവലം 26 പ്രജക്ടുകൾ മാത്രമായിരുന്നു 5 ലക്ഷത്തിലധികം അടങ്കലുണ്ടായിരുന്നത്. ഒരു പ്രാദേശിക സർക്കാരിന്റെ ഭരണ സംവിധാനത്തിന് താങ്ങാൻ കഴിയാത്തത്ര എണ്ണം പ്രോജക്ടുകളാണ് ഇവർ നടപ്പിലാക്കുന്നത്. പ്രോജക്ടുകളുടെ ബാഹുല്യം മൂലം രൂപീകരണം, അനുമതി വാങ്ങൽ, നടത്തിപ്പ് എന്നിവ വൈകുന്നു. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കുന്നതിന് മേലിൽ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

(2) പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല – ഫണ്ട് ലാപ്സാകുന്നു

പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടായി. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന 222 പ്രോജക്ടുകളിൽ 88 എണ്ണം മാത്രമാണ് തൻവർഷം പണി പൂർത്തിയാക്കി ഫണ്ട് ചെലവഴിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | മരാമത്ത് പ്രവൃത്തികളുടെ എണ്ണം | | | ആകെ അടങ്കൽ | നടപ്പിലാക്കിയത് | | | ചെലവ് | നടപ്പിലാക്കിയ പ്രോജക്ടുകളുടെ ശതമാനം | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|---|---|
| | പുതിയത് | സ്പിൽഓവർ | ആകെ | | പുതിയത് | സ്പിൽഓവർ | ആകെ | | | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 2019-20 | 139 | 83 | 222 | 76592671 | 26 | 63 | 89 | 24568564 | 40% | 32% |

2019-20-ലെ വാർഷിക പദ്ധതിയ്ക്ക് 2019 മാർച്ച് മാസം തന്നെ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിരുന്നു. എന്നാൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങി പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിന് അസാധാരണമായ കാലതാമസമാണ് ഉണ്ടായിട്ടുള്ളത്. 2019-20-ലെ ആദ്യ ടെണ്ടർ നടത്തിയിരിക്കുന്നത് 18.11.19-ൽ മാത്രമാണ്. ടെണ്ടർ നടപടികളും, കരാറുകാരുമായി എഗ്രിമെന്റിൽ ഏർപ്പെടുന്നതും സാമ്പത്തിക വർഷാന്ത്യംവരെ നീണ്ടുപോയതായാണ് കാണുന്നത്.

| മാസം | എഗ്രിമെന്റി ലേർപ്പെട്ടത് |
|---|---|
| 11/19 | 6 |
| 12/19 | 44 |
| 1/20 | 11 |
| 2/20 | 35 |
| 3/20 | 27 |

തൻവർഷം ആവിഷ്കരിച്ച 72.80 ലക്ഷം രൂപ അടങ്കലുള്ള 24 മരാമത്ത് പ്രവൃത്തികൾ നടപടിക്രമങ്ങൾ പൂർത്തിയാക്കി തൻവർഷം ടെണ്ടർ ചെയ്തിട്ടില്ല.

പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ഒരു സാമ്പത്തിക വർഷം മുഴുവനായി ലഭ്യമാകുന്നതിനാണ് സാമ്പത്തിക വർഷാരംഭത്തിന് മുമ്പ് വാർഷിക പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണവും, നിർവ്വഹണവും സാമ്പത്തിക വർഷാന്ത്യത്തിലേക്ക് വലിച്ചിഴക്കുന്ന പ്രവണതയാണ് ഓഡിറ്റിൽ കാണാൻ കഴിഞ്ഞത്. ഫലത്തിൽ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് പരമാവധി മൂന്ന് മാസത്തെ സമയം മാത്രമാണ് ലഭിക്കുന്നത്. ഇതിനാൽ ഏകവർഷ പദ്ധതിയായി വിഭാവനം ചെയ്തിട്ടുള്ള പ്രോജക്ടുകളിൽ സിംഹഭാഗവും വർഷാന്ത്യത്തിനു മുമ്പായി നടപ്പിലാക്കി ഫണ്ട് ചെലവഴിക്കാനാവാതെ വികസന പ്രവർത്തനത്തിന് ലഭ്യമായ ഫണ്ട് വലിയ തോതിൽ ലാപ്സാകുന്നതിന് ഇടയാകുന്നു. സാമ്പത്തിക വർഷത്തിലെ അവസാന മാസങ്ങളിൽ തിരക്കിട്ട് പദ്ധതികൾ നടപ്പിലാക്കുന്ന പ്രവണത ആശാസ്യമല്ല. സമയബന്ധിതമായി വികസന പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ടവർ മുന്തിയ പരിഗണന നൽകേണ്ടതാണ്.

(3) മരാമത്ത് പ്രവൃത്തികളുടെ പാർട്ട് ബിൽ നൽകുന്നതിന് നടപടി സ്വീകരിച്ചില്ല

പദ്ധതി നിർവ്വഹണം കാര്യക്ഷമവും സമയബന്ധിതവുമാക്കുന്നതിനായ് നിർവ്വഹണ കലണ്ടർ കൃത്യമായി പാലിച്ച് കഴിവതും 70 ശതമാനമെങ്കിലും പദ്ധതി ചെലവ് ഡിസംബർ 31-നകം വരുത്തണമെന്ന് 10.07.2019-ലെ ഡി.എ1/221 /2019/തസ്വഭവ നമ്പർ സർക്കലർ പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. പ്രവൃത്തികളുടെ പാർട്ട് ബിൽ, പ്രത്യേകിച്ച് നിർമ്മാണ പ്രവൃത്തികളുടെ, തയ്യാറാക്കി നൽകണമെന്നും എഞ്ചിനീയർമാരെ ഇക്കാര്യത്തിൽ സഹായിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യമായ സഹായം നൽകണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ മരാമത്ത് പ്രവൃത്തികളുടെ പാർട്ട് ബിൽ തയ്യാറാക്കി പരമാവധി ഫണ്ട് വിനിയോഗം ഉറപ്പാക്കുന്നതിനുള്ള ശ്രമം ഉണ്ടായിട്ടില്ല. സാമ്പത്തിക വർഷാന്ത്യത്തിൽ ട്രഷറിയിൽ സമർപ്പിച്ച 66.58 ലക്ഷം രൂപയുടെ 28 മരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ ട്രഷറി നിയന്ത്രണം കാരണം പണമാക്കി മാറ്റാനാവാതെ ക്യൂബിൽ ആയി. കരാറുകാർക്ക് കൃത്യമായി പണം നൽകാൻ കഴിയാത്തത് പൊതുമരാമത്ത് പണികൾ വൈകുന്നതിനും പണികൾ മന്ദീഭവിക്കുന്നതിനും ഇടയാക്കും. ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുന്നതിലേക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

(4) ഫയലുകളും, രേഖകളും സൂക്ഷിക്കുന്നതിലെ അപാകം

പ്രവൃത്തികളുടെ ഫയലുകളും, അനുബന്ധ രേഖകളും യഥാവിധി സൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്.

1. എല്ലാ പ്രവൃത്തികളുടെ ഫയലുകളിലും, അംഗീകരിച്ച എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നില്ല. എസ്റ്റിമേറ്റുകൾക്കൊപ്പം എസ്റ്റിമേറ്റ് റിപ്പോർട്ടുകളും ലഭ്യമാക്കുന്നില്ല (ഉദ: പ്രോ.നം. 323/20, 103/20, 123/20)
2. കരാറുകാർ സമർപ്പിച്ചിട്ടുള്ള ടെണ്ടറുകൾ എല്ലാ പ്രവൃത്തികളുടെ ഫയലുകളിലും ലഭ്യമാക്കിയിട്ടില്ല (ഉദ. പ്രോ.നം. 275/20, 311/19, 123/20)
3. പ്രവൃത്തികളുടെ മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.
4. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട രേഖകൾ (പത്രപരസ്യം, വിൻഡോ പരസ്യം, ടാബുലേഷൻ ഷീറ്റ് Etc.) ഫയൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല.
5. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ സ്വീകരിച്ച തീയതിയും, തീരുമാനവും, ടെണ്ടർ നേടിയ ആളുടെ പേരും, ടെണ്ടർ തുറക്കുന്ന സമയത്ത് ഉണ്ടായിരുന്നവരുടെ ഒപ്പ് എന്നിവയും രേഖപ്പെടുത്തുന്നതിൽ ശ്രദ്ധിക്കുന്നില്ല. ഇ.എം.ഡി. ഈടാക്കിയതിന്റെ

വിവരം, ടെണ്ടർ സ്വീകരിച്ച അധികാരിയുടെ കൈയ്യൊപ്പ് എന്നിവയും രേഖപ്പെടുത്തുന്നില്ല.

6. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തിയുടെ പൂർത്തീകരണ തീയതി (Agreed Date Of Completion) രേഖപ്പെടുത്തുന്നില്ല. കരാറുകാരിൽനിന്നും ഈടാക്കുന്ന ജാമ്യ നിക്ഷേപ തുകയുടെ വിവരവും എഗ്രിമെന്റ് രജിസ്റ്ററിൽ കൃത്യമായി ചേർക്കുന്നില്ല.
7. കരാറുകാരിൽനിന്നും ജാമ്യ നിക്ഷേപമായി ലഭിക്കുന്ന സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകളുടെ വിശദാംശങ്ങൾ രേഖപ്പെത്തുന്നതിന് സെക്യൂരിറ്റി രജിസ്റ്റർ പരിപാലിച്ചിട്ടുള്ളതായി കണ്ടില്ല.
8. ടെണ്ടർ ഫാറങ്ങളുടെ സ്റ്റോക്ക്/വില്പന രജിസ്റ്റർ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.
9. അളവ് പുസ്തകങ്ങളുടെ സ്റ്റോക്ക്, വിതരണ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വർക്ക് ഫയലുകളും, അനുബന്ധ രജിസ്റ്ററുകളും ക്രമപ്രകാരം സൂക്ഷിക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

(5) പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ പാലിച്ചിട്ടില്ല.

1. റോഡ്/റോഡിതര ആസ്തികളുടെ പരിപാലനത്തിന് ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) തയ്യാറാക്കണമെന്നും അതിനായി കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളുടെ യോഗം വിളിച്ച് ചേർക്കണമെന്നുമുള്ള നിർദ്ദേശം പാലിച്ചിട്ടില്ല (ഖ.6.7(7))
2. ഒരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും, റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന നിർദ്ദേശം പാലിക്കുന്നില്ല (ഖ.7.13(1))
3. തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡ് രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകൾ മാത്രമേ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടുള്ളൂ എന്ന നിബന്ധന പാലിക്കുന്നില്ല. പഞ്ചായത്തിൽ റോഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല (7.13(6)). പാലിച്ചിട്ടില്ല (ഖ.7.13(8)).
4. നാറ്റ് പാക്ക് (National Transportation Planning And Research Centre) നിർദ്ദേശിച്ചിട്ടുള്ള അളവിൽ പ്ലാസ്റ്റിക് ടാറിൽ ചേർത്ത് റോഡ് ടാറിംഗ് പ്രവൃത്തികൾ ചെയ്യണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല (ഖ.7.13(10)).
5. നിർമ്മാണ പ്രവൃത്തികളുടെ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തുന്നതിന് ഒരോ പ്രവൃത്തിക്കുവേണ്ടിയും ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതികൾ രൂപീകരിക്കണമെന്നും ഈ സമിതികൾ ഗുണഭോക്തൃസമിതികളുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മാതൃകയിലായിരിക്കണമെന്നുമുള്ള നിർദ്ദേശം പാലിച്ചിട്ടില്ല (11.2.(6)).
6. നിർമ്മിച്ച ആസ്തികളുടെ വിവരങ്ങൾ യഥാസമയം ആസ്തി രജിസ്റ്ററിൽ ചേർക്കുന്നില്ല (ഖ.11.4.(2)).
7. നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച്, പ്രവൃത്തിയുടെ പേര്, വർഷം, പ്രവൃത്തി നടത്തുന്ന കരാറുകാരന്റെ പേരും ഫോൺനമ്പരും, എഞ്ചിനീയറുടെ പേരും, ഫോൺനമ്പരും അടങ്കൽ തുക പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധന സാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണെന്നും, ഡിസ് പ്ലേ ബോർഡിനുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണമെന്നുമുള്ള നിർദ്ദേശം പാലിക്കുന്നില്ല (ഖ.13.5).

സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 ടെണ്ടർ ക്ഷണിക്കാതെ കരാർ നൽകി

ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുള്ള ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചിട്ടുള്ളതിന്റെയും, ലഭിച്ച ടെണ്ടറുകൾ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് കുറഞ്ഞ നിരക്കിലുള്ള ടെണ്ടറിന് അംഗീകാരം വാങ്ങിയിട്ടുള്ളതിന്റെയും രേഖകൾ ബന്ധപ്പെട്ട ഫയലിൽ സൂക്ഷിക്കുകയോ വിശദാംശങ്ങൾ ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

| പ്രോ.നം. | പ്രോജക്റ്റിന്റെ പേര്, അടങ്കൽ | കരാറുകാരന്റെ പേര് | കരാർ നം. | ബിൽ തുക/ ബിൽ നം.തീ. |
|---|---|---|---|---|
| 172/18 (275/20) | മൂന്നുകല്ല് ഹോമിയോ ആശുപത്രി മെയിന്റനൻസ് (₹500000) | ശ്രീ വർഗ്ഗീസ് പി.എം. | 4(A)/AE/LSGD/SGP /18-19, Dtd. 08.11.18 | ₹395058 (49/18-19, 06.09.19) |

| | | | | |
|---|---|---|---|---|
| 311/20 | വേലിയ്ക്കപ്പടി റോഡ് മാവേലിപ്പടി റോഡ് കോൺക്രീറ്റ് ഡി.ആർ. നിർമ്മാണം (₹480000) | ശ്രീ സജയകുമാർ | 2/AE/LSGD /SGP/2019-20, Dtd. 27.11.19 | ₹462805 (65/18-19, 20.01.20) |

ടി പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചതിന്റെയും, കുറഞ്ഞ നിരക്കില്ലുള്ള ടെണ്ടറിന് കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയതിന്റെയും വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നിർവ്വണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ ക്ഷണിക്കാതെയും, പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിയില്ലാതെയും പ്രവൃത്തികളുടെ കരാർ നൽകിയത് എപ്രകാരമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിക്കേണ്ടതാണ്.

## 1-29 എല്ലാ മരാമത്ത് പ്രവൃത്തികളും ടെണ്ടർ ചെയ്തില്ല

2019-20-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ 139 മരാമത്ത് പ്രവൃത്തികൾക്ക് അംഗീകാരം വാങ്ങിയിരുന്നു. എന്നാൽ ഇവയിൽ 72.81 ലക്ഷം രൂപ അടങ്കലുള്ള 24 മരാമത്ത് പ്രവൃത്തികൾ തൻവർഷം ടെണ്ടർ ചെയ്തിട്ടില്ല. ഇവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോ.നം. | പ്രോജക്ടിന്റെ പേര് | വിഭാഗം | മേഖല | അടങ്കൽ |
|---|---|---|---|---|---|
| 1 | 64 | ആങ്ങമൂഴി വാർഡിലെ കിഴക്കേക്കുറ്റ്പടി, കൊച്ചാണ്ടി മുരുപ്പേൽപ്പടി,കോട്ടപ്പടി,മുസ്ലിംപ്പള്ളി കുളിക്കടവ് വപടി, കൊച്ചുപറമ്പിൽപ്പടി, കൊച്ചാണ്ടി ചരിവുപുരയിടത്തിൽപ്പടി സ്റ്റെപ്പ് നിർമ്മാണം (4) | പൊതുവിഭാഗം | പശ്ചാത്തലം | 299900 |
| 2 | 117 | പഞ്ഞിപ്പാറ കപ്പക്കാട്ടിൽപ്പടി കോൺക്രീറ്റ് സ്റ്റെപ്പ് (2) | പട്ടികജാതി വിഭാഗം | പശ്ചാത്തലം | 49500 |
| 3 | 303 | ആങ്ങമൂഴി പൊതു ടോയിലറ്റ് ഫ്ളോറിംഗ്, കതക് അനുബന്ധ പണികൾ | പൊതുവിഭാഗം | സേവനം | 351000 |
| 4 | 310 | പഞ്ചായത്ത് വാഹനത്തിന് ഷെഡ് നിർമ്മാണം | പൊതുവിഭാഗം | പശ്ചാത്തലം | 53438 |
| 5 | 325 | പഞ്ചായത്ത് ഓഫീസ് അനുബന്ധപണികൾ | പൊതുവിഭാഗം | പശ്ചാത്തലം | 500000 |
| 6 | 334 | കാലായിപ്പടി റോഡ് കോൺക്രീറ്റ് | പൊതുവിഭാഗം | പശ്ചാത്തലം | 49000 |
| 7 | 338 | കാരയ്ക്കാട്ട് കുന്നേൽ നടപ്പാത കൈവരി നിർമ്മാണം (വാർഡ് 5)) | പൊതുവിഭാഗം | പശ്ചാത്തലം | 49000 |
| 8 | 342 | ഗവി സ്കൂൾ അനുബന്ധ പണികൾ | പൊതുവിഭാഗം | സേവനം | 211678 |
| 9 | 343 | എസ്എൻ റോഡ് സംരക്ഷണ ഭിത്തി | പൊതുവിഭാഗം | പശ്ചാത്തലം | 366971 |
| 10 | 344 | പഞ്ഞിപ്പാറ എസ്സി കോളനി റോഡ് മെയിന്റനൻസ് | പട്ടികജാതി വിഭാഗം | പശ്ചാത്തലം | 350000 |
| 11 | 345 | പഞ്ഞിപ്പാറ എസ്സി കോളനി റോഡിൽ കോട്ടയ്ക്കൽപ്പടി റോഡ് കോൺക്രീറ്റ് | പട്ടികജാതി വിഭാഗം | പശ്ചാത്തലം | 240387 |
| 12 | 346 | മണികണ്ഠൻകാല വെട്ടോലിപ്പടി റോഡ് കോൺക്രീറ്റ് (10) | പൊതുവിഭാഗം | പശ്ചാത്തലം | 300000 |
| 13 | 347 | സീതക്കുഴി വാരിയേത്ത്പടി വാഴയിൽപ്പടിപനയക്കുഴിയില്പ്പടി റോഡ് കോൺർക്രീറ്റ് (10) | പൊതുവിഭാഗം | പശ്ചാത്തലം | 140000 |

| | | | | | |
|---|---|---|---|---|---|
| 14 | 348 | ആനചന്ത പുഷ്പമംഗലത്ത് പടി റോഡ് കോൺക്രീറ്റ്(8) | പൊതുവിഭാഗം | പശ്ചാത്തലം | 440000 |
| 15 | 349 | സീതത്തോട് കോട്ടമൺപാറ റോഡിൽ മാവേലിപ്പടി കോൺക്രീറ്റ് സംരക്ഷണ ഭിത്തി നിർമ്മാണം (13) | പൊതുവിഭാഗം | പശ്ചാത്തലം | 350000 |
| 16 | 350 | തേക്കുംമൂട് അഞ്ചുപ്ലാക്കൽപ്പടി കലുങ്കിന് സംരക്ഷണ ഭിത്തി നിർമ്മാണം (11) | പൊതുവിഭാഗം | പശ്ചാത്തലം | 440000 |
| 17 | 351 | കുളഞ്ഞിമുക്ക് വടക്കേക്കര റോഡ് മേലേപ്പുരയിൽപ്പടി ഡിആർ നിർമ്മാണം (6) | പൊതുവിഭാഗം | പശ്ചാത്തലം | 440000 |
| 18 | 352 | കൊച്ചുകോയിക്കൽ ഫോറസ്റ്റേഷൻപ്പടിയിൽ കോൺക്രീറ്റ് വാൾ (7) | പൊതുവിഭാഗം | പശ്ചാത്തലം | 440000 |
| 19 | 353 | എച്ച്എസ്പ്പടി കോർട്ട്മുക്ക് പതാലിൽപ്പടി - മാമ്പറ്റയിൽ റോഡ് കോൺക്രീറ്റ് (12) | പൊതുവിഭാഗം | പശ്ചാത്തലം | 300000 |
| 20 | 354 | മൂന്നുകല്ല് ചരിവുകാലാപ്പടി റോഡ് കോൺക്രീറ്റ് (12) | പൊതുവിഭാഗം | പശ്ചാത്തലം | 150000 |
| 21 | 355 | ഗുരുനാഥൻമണ്ണ് ചിപ്പൻക്കുഴി ആദിവാസി കോളനി റോഡ് കോൺക്രീറ്റ് (9) | പട്ടിക വർഗ്ഗ വിഭാഗം | പശ്ചാത്തലം | 83610 |
| 22 | 356 | ഗുരുനാഥൻമണ്ണ് എസ്സി കോളനി സംരക്ഷണ ഭിത്തി നിർമ്മാണം (9) | പട്ടികജാതി വിഭാഗം | പശ്ചാത്തലം | 376491 |
| 23 | 357 | ഗുരുനാഥൻമണ്ണ് എസ്സി കോളനി പത്യത്ത് പടി സംരക്ഷണ ഭിത്തി നിർമ്മാണം (9) | പട്ടികജാതി വിഭാഗം | പശ്ചാത്തലം | 150000 |
| 24 | 358 | മാർക്കറ്റ് സംരക്ഷണ ഭിത്തി നിർമ്മാണം | പൊതുവിഭാഗം | ഉല്പാദനം | 1150000 |

വാർഷിക പദ്ധതിയിൽ ഏകവർഷ പദ്ധതിയായി ഉൾപ്പെടുത്തുന്ന പ്രോജക്ടുകൾ തൻവർഷം മാർച്ച് 31-നകം നിർവ്വഹണം പൂർത്തിയാക്കി ഫണ്ട് ചെലവഴിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ടി പ്രവൃത്തികൾ തൻവർഷം ടെണ്ടർ ചെയ്ത് നടപ്പാക്കാതിരുന്നതിന് വിശദീകരണം ആരാഞ്ഞതിൽ പദ്ധതികളെല്ലാം സ്പിൽ ഓവറായി 2020-21 വർഷം നിർവ്വഹണം നടത്തിയെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയത്.

അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന ലക്ഷ്യം പ്രാദേശിക തലത്തിലുള്ള വികസന പ്രോജക്ടുകൾ കാര്യക്ഷമമായും സമയബന്ധിതമായും ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയുമാണ്. വികേന്ദ്രീകൃതാസൂത്രണം നടപ്പിലാക്കി രണ്ട് ദശാബ്ദങ്ങൾകഴിഞ്ഞിട്ടും മരാമത്ത് പ്രോജക്ടുകളുടെ നടത്തിപ്പ് വളരെ മോശമായും കാര്യക്ഷമമല്ലാതെയും, സമയബന്ധിതമല്ലാതെയുമാണ് നടപ്പിലാക്കുന്നത്. പ്രോജക്ടുകൾ യഥാസമയം തയ്യാറാക്കുക, ഭരണ സാങ്കേതികാനുമതികൾ നേടുക, സമയബന്ധിതമായി നടപ്പിലാക്കുക എന്നീ കാര്യങ്ങളിൽ വലിയ വീഴ്ചയാണ് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. സമയബന്ധിതമായി പ്രജക്ടുകൾ നപ്പിലാക്കാത്ത് മൂലം പൂർത്തിയാകാതെ അടുത്ത സാമ്പത്തിക വർഷത്തേക്ക് മാറ്റുന്ന സ്പിൽ ഓവർ പ്രോജക്ടുകളുടെ എണ്ണം വർദ്ധിക്കുന്നു. വർദ്ധിച്ച സ്പിൽഓവർ പ്രോജക്ടുകൾ പുതിയ പ്രോജക്ടുകളുടെ നടത്തിപ്പിനെ ബാധിക്കുന്നു. പ്രോജക്ടുകൾ സമയബന്ധിതമായി അതാത് സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കുന്നതിന് പഞ്ചായത്തിന്റെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 1-30 ഗുണഭോക്തൃസമിതികൾ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ - കണക്കുകൾ ഹാജരാക്കിയില്ല

ഓഡിറ്റ് വർഷം ഗുണഭോക്തൃസമിതികൾ മുഖാന്തിരം നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ വരവ്

ചെലവ് സംബന്ധിച്ച കണക്കുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

| പ്രവൃത്തിയുടെ വിവരം | കൺവീനർക്ക് നൽകിയ തുക | | ആകെ ചെലവ് |
|---|---|---|---|
| കുളിക്കടവുങ്കൽപ്പടി ആറ്റ്കടവ്പടി സ്റ്റെപ്പ് (S0096/19)<br>അടങ്കൽ - 49000<br>കൺവീനർ - ശ്രീമതി പ്രഭ റജി<br>എഗ്രി.നം. - 1/AE/LSGD/SGP/2019, 24.06.19<br>എം.ബുക്ക് നം.9/19-20<br>ബിൽ നം., തീ. - 39/19-20, 27.07.19 | പ്രവൃത്തി മൂല്യം | 47904 | 47904 |
| | കുറയ്ക്കുക<br>KB&OCWWF 1% | 479 | |
| | IT 2% | 958 | |
| | കൺവീനർക്ക് നൽകിയ തുക | 46467 | |
| മുരുപ്പേൽപ്പടി അറ്റുകടവ് സ്റ്റെപ്പ് (S0095/19)<br>അടങ്കൽ - 49000<br>കൺവീനർ - ശ്രീ മത്തായി എ.എം.<br>എഗ്രി.നം. - 2/AE/LSGD/SGP/2019, 24.06.19<br>എം.ബുക്ക് നം.8/19-20<br>ബിൽ നം., തീ. - 38/19-20, 27.07.19 | പ്രവൃത്തി മൂല്യം | 48989 | 48989 |
| | കുറയ്ക്കുക<br>KB&OCWWF 1% | 490 | |
| | IT 2% | 980 | |
| | കൺവീനർക്ക് നൽകിയ തുക | 47519 | |
| മനോജ് ഭവൻ പടി - വൈശാലിപ്പടി സ്റ്റെപ്പ് പുനരുദ്ധാരണം, കൈവരി (S0128/19)<br>അടങ്കൽ - 49000<br>കൺവീനർ - ശ്രീ കനകപ്പൻ<br>എഗ്രി.നം. - 68/AE/LSGD/SGP/18-19, 08.03.19<br>എം.ബുക്ക് നം.59/18-19<br>ബിൽ നം., തീ. - 14/19-20, 09.05.19 | പ്രവൃത്തി മൂല്യം | 42755 | 42755 |
| | കുറയ്ക്കുക<br>KB&OCWWF 1% | 428 | |
| | IT 2% | 855 | |
| | കൺവീനർക്ക് നൽകിയ തുക | 41472 | |
| ആകെ | | | 139648 |

കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ, ചട്ടം 13(6) പ്രകാരം ഗുണഭോക്തൃ സമിതി ഏറ്റെടുത്തു നടത്തുന്ന പ്രവൃത്തികൾക്ക് വാങ്ങുന്ന സാധനങ്ങൾ, നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനം, യന്ത്ര സാമഗ്രികളുടെ വാടക, ഉടങ്ങിയവ സംബന്ധിച്ച കണക്കുകൾ, മസ്റ്റർ റോൾ, മിനിറ്റ്സ് ബുക്ക് എന്നിവ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പ്രവൃത്തി പൂർത്തിയാക്കിക്കഴിഞ്ഞാൽ വരവു ചെലവ് കണക്ക്, മസ്റ്റർ റോൾ, വൗച്ചറുകൾ, മിനിട്സ് ബുക്ക്, പാസ്സ് ബുക്ക് എന്നിവ പഞ്ചായത്തിനു നൽകണം. പ്രവൃത്തി പൂർത്തീകരിച്ചശേഷം എക്സി.കമ്മിറ്റി യോഗം ചേർന്ന് കണക്കുകൾ പരിശോധിച്ച് വൗച്ചറുകൾ പാസ്സാക്കി മൊത്തം വരവു ചെലവു കണക്കുകൾ അംഗീകരിക്കണം. കൺവീനർക്ക് പ്രവൃത്തി നടത്തുന്നതിന് യഥാർത്ഥത്തിൽ ചെലവായ തുകയോ, ഫൈനൽ ബിൽ പ്രകാരമുള്ള തുകയോ, ഏതാണ് കുറവ് അതിനു മാത്രമാണ് കൺവീനർക്ക് അർഹതയുള്ളത്. കൺവനീർക്ക് യഥാർത്ഥത്തിൽ ചെലവായ തുക കണക്കാക്കാതെ ഫൈനൽ ബിൽ തുക നൽകിയത് ക്രമവിരുദ്ധമായ നടപടിയാണ്. ടി പ്രവൃത്തികളുടെ കൺവീനർ കണക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും (നം.26/09.03.22) അസി.എഞ്ചിനീയർ ഓഡിറ്റ് ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കിയില്ല. ഈ സാഹചര്യത്തിൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച 139648 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 വി.ഇ.ഒ-യുടെ പദ്ധതി നിർവ്വഹണം - ഫണ്ട് ചെലവഴിക്കുന്നതിൽ വീഴ്ച

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ നിർവ്വഹണ ചുമതലയിൽ 2019-20 സാമ്പത്തിക വർഷം ആവിഷ്കരിച്ച ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കി ഫണ്ട് ചെലവഴിച്ചിട്ടില്ല. ഇക്കാരണത്താൽ പ്രസ്തുത പദ്ധതികൾക്ക് വകയിരുത്തിയിരുന്ന വികസന ഫണ്ട് ലാപ്സായി. കൂടാതെ, ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളിൽനിന്നും ലഭ്യമായ വിഹിതം യഥാസമയം ചെലവഴിക്കുന്നതിനും സാധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം | പ്രോജക്ട് | ഫണ്ടിനം | വകയിരുത്തിയ തുക | ആകെ അടങ്കൽ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 312 | ലൈഫ് മൂന്നാം ഘട്ടം വസ്തു വാങ്ങൽ (ജനറൽ) | വികസന ഫണ്ട് (ജനറൽ) | 2200000 | 20000000 |
| | | | ബ്ലോക്ക് പ. വിഹിതം | 2000000 | |
| | | | ജില്ലാ പ. വിഹിതം | 3000000 | |
| | | | ലോൺ | 12800000 | |
| 2 | 313 | ലൈഫ് മൂന്നാം ഘട്ടം വസ്തു വാങ്ങൽ (എസ്.സി.) | വികസന ഫണ്ട് (ജനറൽ) | 700000 | 18000000 |
| | | | ബ്ലോക്ക് പ. വിഹിതം | 2500000 | |
| | | | ജില്ലാ പ. വിഹിതം | 3000000 | |
| | | | ലോൺ | 11800000 | |
| 3 | 314 | ലൈഫ് മൂന്നാം ഘട്ടം വസ്തു വാങ്ങൽ (എസ്.റ്റി.) | വികസന ഫണ്ട് (ജനറൽ) | 100000 | 1400000 |
| | | | ബ്ലോക്ക് പ. വിഹിതം | 900000 | |
| | | | ജില്ലാ പ. വിഹിതം | 400000 | |
| 4 | 315 | ലൈഫ് മൂന്നാം ഘട്ടം വസ്തു വാങ്ങിയവർക്ക് വീട് നൽകൽ (ജനറൽ) | വികസന ഫണ്ട് (ജനറൽ) | 2862400 | 40000000 |
| | | | ബ്ലോക്ക് പ. വിഹിതം | 2000000 | |
| | | | ജില്ലാ പ. വിഹിതം | 3000000 | |
| | | | ലോൺ | 32137600 | |
| 5 | 316 | ലൈഫ് മൂന്നാം ഘട്ടം വസ്തു വാങ്ങിയവർക്ക് വീട് നൽകൽ (എസ്.സി.) | വികസന ഫണ്ട് (ജനറൽ) | 700000 | 36000000 |
| | | | ബ്ലോക്ക് പ. വിഹിതം | 2000000 | |
| | | | ജില്ലാ പ. വിഹിതം | 3000000 | |
| | | | ലോൺ | 30300000 | |
| 6 | 317 | ലൈഫ് മൂന്നാം ഘട്ടം വസ്തു വാങ്ങിയവർക്ക് വീട് നൽകൽ (എസ്.റ്റി) | വികസന ഫണ്ട് (ജനറൽ) | 100000 | 2800000 |
| | | | ബ്ലോക്ക് പ. വിഹിതം | 1000000 | |
| | | | ജില്ലാ പ. വിഹിതം | 800000 | |
| | | | ലോൺ | 900000 | |

| | | | | | |
|---|---|---|---|---|---|
| 7 | 321 | കളക്ടേഴ്സ് സ്കൂൾ | വികസന ഫണ്ട് (ജനറൽ) | 90000 | 90000 |

ലൈഫ് മൂന്നാം ഘട്ടവുമായി ബന്ധപ്പെട്ട പദ്ധതികളുടെ നടത്തിപ്പിലാണ് പ്രധാനമായും വീഴ്ചയുണ്ടായിട്ടുള്ളത്. ലൈഫ് മൂന്നാം ഘട്ടത്തിൽ ഭൂരഹിതരായി 248 കുടുംബങ്ങളെ കണ്ടെത്തിയിരുന്നു. എന്നാൽ ഇവർക്കായി വകയിരുത്തിയിരുന്ന തുക അപര്യാപ്തമായിരുന്നു. ഭൂരഹിതർ എണ്ണത്തിൽ കൂടുതലായിരുന്നതിനാൽ ലൈഫ് മിഷൻ നേരിട്ട് പഞ്ചായത്തിന്റെ സഹകരണത്തോട് ഫ്ലാറ്റ് നിർമ്മിച്ച നൽകുന്നതിന് ഉറപ്പുനൽകുകയും, അതിനാവശ്യമായ ഭൂമി പഞ്ചായത്ത് കണ്ടെത്തി നൽകുകയും ചെയ്തിരുന്നു. എന്നാൽ ഫ്ലാറ്റ് നിർമ്മാണം യാഥാർത്ഥ്യമായില്ല. വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക ലാപ്സാകാതെ മറ്റ് പദ്ധതികളിലേക്ക് വകയിരുത്തുന്നതിനും ശ്രമമുണ്ടായില്ല. അതത് സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കി ഫണ്ട് വിനിയോഗിക്കാൻ സാധിക്കാത്ത പദ്ധതികൾക്ക് വൻതുക വകയിരുത്തി ഫണ്ട് ലാപ്സാക്കുന്നത് ഭാവിയിൽ ഒഴിവാക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ - ചെലവ് രേഖകൾ ഹാജരാക്കിയില്ല

വിവിധ കാർഷിക പദ്ധതികളുടെ നിർവ്വഹണത്തിന്റെ ഭാഗമായി ഓഡിറ്റ് വർഷം കൃഷി ഓഫീസർ ചെലവഴിച്ചിട്ടുള്ള 5.84 ലക്ഷം രൂപയുടെ ചെലവിനാധാരമായ രേഖകൾ ആവർത്തിച്ച് ആവശ്യപ്പെട്ടെങ്കിലും ഓഡിറ്റിൽ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ട് | ചെലവ് | ട്രഷറി ബിൽ നം., തീ. |
|---|---|---|---|
| 212/20 (S.O) | മഞ്ഞൾ കൃഷി (വനിത) | 150000 | 190511000000000942<br>15/05/2019 |
| 213/20 (S.O.) | സമഗ്ര കിഴങ്ങു വർഗ്ഗ കൃഷി | 253750 | ₹123000/-<br>190511000000000943<br>15/05/2019<br>₹130750/-<br>190511000000000943<br>15/05/2019 |
| 214/20 (S.O.) | വാഴകൃഷി വികസനം | 180000 | 190511000000000941<br>15/05/2019 |
| | ആകെ | 583750 | |

2018-19-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ ടി പ്രോജക്ടുകൾ നിർവ്വഹണം നടത്തിയിരിക്കുന്നത് ശ്രീ ശ്രീകുമാർ എസ്-ഉം സ്പിൽഓവറായി ട്രഷറിയിൽ ബിൽ സമർപ്പിച്ച് പേയ്മെന്റ് നടത്തിയിരിക്കുന്നത് ശ്രീ ബഞ്ചി ഡാനിയലുമാണ്. ശ്രീ ബഞ്ചി ഡാനിയലും, നിലവിൽ ചുമതലയുള്ള കൃഷി ഓഫീസർ ശ്രീമതി നവീദായും പ്രസ്തുത പ്രോജക്ടുകളുടെ നിർവ്വഹണ സംബന്ധമായ രേഖകൾ നിർവ്വഹണം നടത്തിയ കൃഷി ഓഫീസർ തങ്ങൾക്ക് കൈമാറി നൽകിയിട്ടില്ലെന്ന് ഓഡിറ്റിനെ അറിയിച്ചു. ഈ സാഹചര്യത്തിൽ മേൽ പറഞ്ഞ പ്രകാരമുള്ള 5.84 ലക്ഷം രൂപയുടെ ചെലവിന്റെ സാധുത ഓഡിറ്റിൽ പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിന് സാധിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ പദ്ധതികൾക്കായി ചെലവഴിച്ച 583750 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ റിപ്പോർട്ട് ലഭിച്ച് 60 ദിവസത്തിനകം രേഖകൾ ഓഡിറ്റിന് സമർപ്പിക്കാത്ത പക്ഷം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും, ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം രേഖകളോ, കണക്കുകളോ നൽകാൻ വീഴ്ചവരുത്തിയാൽ അത്തരം രേഖകളോ, കണക്കുകളോ നിലവിലില്ലായെന്ന് കരുതപ്പെടുന്നതും, അതനുസരിച്ചുള്ള നിഗമനത്തിൽ എത്താവുന്നതുമാണ്. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കുന്നതിന് സർചാർജ്ജ് നടപടി സ്വീകരിക്കുന്നതാണ്.

## 1-33 വീട്ടുവളപ്പിൽ പച്ചക്കറി കൃഷി (വനിത) – ചെലവ് രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല

പദ്ധതി പ്രകാരം 380 പേർക്ക് പച്ചക്കറി വിത്ത്, ജൈവ വളം എന്നിവ വിതരണം ചെയ്യുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നത്. വികസന ഫണ്ടിൽനിന്നും 191140 രൂപയും, നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃവിഹിതം ഇനത്തിൽ 51046 രൂപയും ഉൾപ്പെടെ 242186 രൂപയായിരുന്നു പദ്ധതിയ്ക്ക് വകയിരുത്തിയിരുന്നത്. പദ്ധതിയുടെ ഭാഗമായി 141 ഗുണഭോക്താക്കൾക്ക് വിത്തും വളവും വിതരണം ചെയ്ത വകയിൽ 191140 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ). പദ്ധതിയുടെ ഭാഗമായി VFPCK (KBK) എന്ന സ്ഥാപനത്തിൽനിന്നും 100 രൂപ നിരക്കിൽ 380 പച്ചക്കറി വിത്ത് പാക്കറ്റുകൾ വാങ്ങിയതിന് 38000 രൂപ ചെലവഴിച്ചിട്ടുണ്ട് (ട്രഷറി ബിൽ നം.190511000000007624/22/02/2020). എന്നാൽ വിത്ത് വാങ്ങിയതിന്റെ ഇൻവോയ്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ വാങ്ങിയ വിത്ത് പാക്കറ്റുകൾ സ്റ്റോക്കിൽ ചേർത്ത് വിതരണം ചെയ്തതിന്റെ രേഖയും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

ബി). പദ്ധതിയുടെ ഭാഗമായി സീതത്തോട് സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്കിന്റെ വളം ഡിപ്പോയിൽനിന്നും 2280 Kg വേപ്പിൻ പിണ്ണാക്കും, 4180 Kg. എല്ലുപൊടിയും വാങ്ങി വിതരണം ചെയ്ത ഇനത്തിൽ യൂണിറ്റ് ഒന്നിന് 403 സബ്സിഡി നിരക്കിൽ 153140 രൂപ ബാങ്കിന് നൽകിയിട്ടുണ്ട് (ട്രഷറി ബിൽ നം.190511520043011878l4 31/01/2020). കൃഷി ഓഫീസിൽനിന്നും കർഷകർക്ക് നൽകിയിട്ടുള്ള പെർമിറ്റിന്റെ അടിസ്ഥാനത്തിലാണ് ബാങ്ക് ഗുണഭോക്താക്കൾക്ക് വളം വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ വളം വിതരണം നടത്തിയതിന്റെ സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് ബാങ്കിൽനിന്നും ലഭ്യാക്കാതെയാണ് വളം വിതരണം ചെയ്തതിനുള്ള തുക ബാങ്കിന് നൽകിയിട്ടുള്ളത്.

സി). പദ്ധതിയുടെ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ അപേക്ഷകൾ, അർഹത തെളിയിക്കുന്നതിനുള്ള രേഖകൾ, കൃഷി അസിസ്റ്റന്റിന്റെ ഫീൽഡ് പരിശോധന റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ പ്രജക്റ്റ് മോണിട്ടറിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭിച്ചില്ല.

മേൽ വിവരിച്ച അപാകതകൾ മുൻനിർത്തി പ്രോജക്ടിന് ചെലവഴിച്ച 191140 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽപറഞ്ഞ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 1-34 കാർഷിക പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കിയില്ല

കാർഷിക പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വിഴ്ചയുണ്ടായിട്ടുണ്ട്. തൻവർഷം ആവിഷ്കരിച്ച 5 പ്രോജക്ടുകളിൽ ഒരു പ്രോജക്ടുമാത്രമാണ് നിർവ്വഹണം പൂർത്തിയാക്കിയത്. 49.65 ലക്ഷം രൂപ വികസന ഫണ്ട് വകയിരുത്തിയിരുന്ന 4 പ്രജക്ടുകളുടെ നിർവ്വഹണം പൂർത്തിയാക്കി ഫണ്ട് ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ട് | ഫണ്ടിനം | വകയിരുത്തിയ തുക |
|---|---|---|---|
| 13 | വാഴ കൃഷി വികസനം | വികസന ഫണ്ട് (ജനറൽ) | 2175000 |
| 15 | കുരുമുളക് കൃഷി വികസനം | വികസന ഫണ്ട് (ജനറൽ) | 525000 |
| 16 | സമഗ്ര തെങ്ങു കൃഷി പരിപാലനം | വികസന ഫണ്ട് (ജനറൽ) | 708860 |
| 335 | സമഗ്ര കിഴങ്ങ് വർഗ്ഗ കൃഷി | വികസന ഫണ്ട് (ജനറൽ) | 55870 |
| | | ജില്ലാ പഞ്ചായത്ത് വിഹിതം | 1500000 |

കാർഷിക മേഖലയിലെ ഭൂരിപക്ഷം പ്രോജക്ടുകളും തൻവർഷം നടപ്പിലാക്കാതെ ഫണ്ട് ലാപ്സാക്കിയിരിക്കുകയാണ്. കാർഷിക വിളകൾ അതിന് അനുയോജ്യമായ സീസണിലാണ് കൃഷി ഇറക്കേണ്ടത്. അതിനാൽ അംഗീകരിച്ച പ്രോജക്ടിലെ നിർവ്വഹണ കലണ്ടർ കൃത്യമായി പാലിച്ച് പ്രജക്ടുകൾ നിർവ്വഹിക്കേണ്ടത് അനിവാര്യമാണ്. കാർഷിക പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 ടെണ്ടർ ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നത് 2.72 ലക്ഷം രൂപ

2016-17 മുതൽ 2019-20 വരെ കാലയളവിൽ ടെണ്ടർ ഫീസ് ഇനത്തിൽ കരാറുകാരിൽനിന്നും ഈടാക്കി എൽ.എസ്.ജി.ഡി. എക്സി.എഞ്ചിനീയറുടെ അക്കൌണ്ടിൽ ഒടുക്കിയിട്ടുള്ള 272459 പഞ്ചായത്തിന് മടക്കി ലഭിച്ചിട്ടില്ല.

28-09-2013-ലെ ജി.ഒ.(എം.എസ്.)318/2013/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി., ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി. എക്സി.എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം എക്സി. എഞ്ചിനീയറുടെ അക്കൌണ്ടിൽ ഒടുക്കിയ ടെണ്ടർ ഫീസാണ് മടക്കി ലഭിക്കാൻ ആവശേഷിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ടെണ്ടറുകളുടെ എണ്ണം | തുക |
|---|---|---|

| | | |
|---|---|---|
| 2016-17 | 5 | 3780 |
| 2017-18 | 32 | 32010 |
| 2018-19 | 38 | 47292 |
| 2019-20 | 211 | 189377 |
| ആകെ | | 272459 |

2016-17 മുതൽ 2019-20 വരെ ഈ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ള 272459 രൂപ മടക്കി വാങ്ങുന്നതിന് അസി.എഞ്ചിനീയർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-36 ഇ-ടെണ്ടർ ഫീസ് പിരിക്കുന്നതിന് പ്രത്യേക അക്കൗണ്ട് ആരംഭിച്ചില്ല

ഇ-ടെണ്ടർ ഫീസ് ഈടാക്കുന്നതിന് പഞ്ചായത്ത് പ്രത്യേകം അക്കൌണ്ട് തുറന്നിട്ടില്ല. ത്രിതല പഞ്ചായത്തുകളിൽ ഇ-ടെണ്ടർ സമ്പ്രദായം നടപ്പിലാക്കിയ വേളയിൽ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും ഒടുക്കിയിരുന്നത് അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പേരിലുള്ള ഒരു ബാങ്ക് അക്കൌണ്ടിലേക്കായിരുന്നു. ഇപ്രകാരം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കിയ തുക, അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകുന്നതിന് പലപ്പോഴും പ്രായോഗിക വൈഷമ്യം നേരിടുന്നതിനാൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൌണ്ട് തുടങ്ങുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിരുന്നു (17.08.2017ലെ ഡി.ബി1/7942/2010/സിഇയ തസ്വഭവ നമ്പർ സർക്കുലർ). എന്നാൽ പഞ്ചായത്ത് ഇപ്രകാരം ഒരു അക്കൌണ്ട് തുറന്നിട്ടില്ല. ഇ-ടെണ്ടർ ഇടപാടുകളുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും ഒടുക്കുന്നതിന് ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ച പ്രകാരം അക്കൌണ്ട് തുറക്കേണ്ടതാണ്.

## 1-37 അനർഹരായവർക്ക് ക്ഷേമ പെൻഷൻ അനുവദിച്ചു - വിശദമായ അന്വേഷണം ആവശ്യം

ഓഡിറ്റ് കാലയളവിൽ വാർദ്ധക്യകാല പെൻഷൻ ആനുകൂല്യം അനുവദിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന വ്യക്തികൾക്ക് പെൻഷൻ ലഭിക്കുന്നതിന് അർഹതയില്ലെന്ന് ഫീൽഡ് പരിശോധന നടത്തി വില്ലേജ് എക്സ്റ്റൻഷൻ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. എന്നാൽ അന്വേഷണ ഉദ്യോഗസ്ഥന്റെ പ്രതികൂല റിപ്പോർട്ട് തള്ളി ഇവർക്ക് പെൻഷൻ അനുവദിച്ചതായാണ് കാണുന്നത്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും, വിലാസം, പെൻഷൻ ID, | അപേക്ഷാ തീയതി | പെൻഷൻ വിതരണം തുടങ്ങിയ മാസം/ കമ്മിറ്റി തീരുമാനം | നാളിതുവരെ വിതരണം ചെയ്ത തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | തോമസ് കെ.കെ., 6/16, മുള്ളാനിൽ, കൊച്ചുകോയിക്കൽ, കൊച്ചുകോയിക്കൽ P. O, 689667 Pension ID - 104030202106 | 17.06.19 | Nov-2020 1-30/10/2020 | 24900 | ടിയാൾക്ക് 1000CC-ൽ കൂടുതലുള്ള വാഹനം ഉള്ളതിനാലും ഉയർന്ന സാമ്പത്തികം ഉള്ളതിനാലും പെൻഷന് പരിഗണിക്കേണ്ടതില്ലെന്ന് അന്വേഷണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. റിപ്പോർട്ട് ചെയ്തു. ടിയാൾക്ക് പെൻഷൻ അനുവദിച്ച് കമ്മിറ്റി |

| | | | | | |
|---|---|---|---|---|---|
| | | | | | തീരുമാനച്ചിട്ടുള്ളതായി കണ്ടില്ല. |
| 2 | കെ വി മാത്തുക്കുട്ടി<br>4/14, കണനിൽക്കുംകാലായിൽ, വാലുപാറ, ആങ്ങമുഴി ഇ ഡി എസ് ഒ P. O, 689645<br>Pension ID - 104030201762 | 22.01.19 | Apr-2019<br>1-13/03/2019 | 48600 | ടിയാളുടെ കുടുംബത്തിന് 2 ഏക്കറിൽ കൂടുതൽ വസ്തു ഉള്ളതിനാൽ ടിയാളെ പെൻഷന് പരിഗണിക്കേണ്ടതില്ലെന്ന് വി.ഇ.ഒ. റിപ്പോർട്ട് ചെയ്തു. 13/03/2019 -ലെ 1-ാം നമ്പർ തീരുമാനപ്രകാരമാണ് ടിയാൾക്ക് പെൻഷൻ അനുവദിച്ചിട്ടുള്ളതെന്നാണ് കാണിച്ചിരിക്കുന്നത്. എന്നാൽ അന്നേദിവസം കമ്മിറ്റി യോഗം ചേർന്നിട്ടില്ല. |
| 3 | വത്സല<br>5/195, പുത്തൻപുരക്കൽ,വാലുപാറ, ആങ്ങമുഴി ഇ ഡി എസ് ഒ P. O, 689645<br>Pension ID-104030202075 | 11.01.19 | Nov-2020<br>1-30/10/2020 | 24900 | ടിയാൾ ഉൾപ്പെടുന്ന കുടുംബത്തിന് 2 ഏക്കറിൽ കൂടുതൽ വസ്തുവും, കാറും ഉള്ളതിനാൽ ടിയാളെ പെൻഷനു പരിഗണിക്കേണ്ടതില്ലെന്ന് വി.ഇ.ഒ. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 4 | രവീന്ദ്രൻ<br>8/348, ചരിവുകാലായിൽ കോട്ടക്കുഴി, സീതത്തോട് P. O, 689667<br>Pension ID- 104030201722 | 40/2019 - 05/01/2019 | Mar-2019<br>1-25/02/2019 | 49700 | മെച്ചപ്പെട്ട ജീവിതസാഹചര്യമുള്ളതിനാൽ പെൻഷൻ അർഹതയില്ലെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിരിക്കുന്നു. |

അന്വേഷണ ഉദ്യോഗസ്ഥൻ അനർഹരെന്ന് കണ്ടെത്തിയ ടി ഗുണഭോക്താക്കൾക്ക് പെൻഷൻ അനുവദിക്കുന്നതിനുണ്ടായ സാഹചര്യം വിശദീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീ തോമസ് കെ.കെ. മുള്ളാനിൽ എന്നയാളുടെ 17.06.19-ലെ അപേക്ഷ വി.ഇ.ഒ. റിപ്പോർട്ടിൻപ്രകാരം നിരസിച്ചെങ്കിലും ടിയാൻ 18.09.2020-ൽ വീണ്ടും പെൻഷന് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ വി.ഇ.ഒ. റിപ്പോർട്ട് പരിഗണിച്ച് 30.10.2020-ലെ കമ്മിറ്റി തീരുമാന പ്രകാരം പെൻഷൻ അനുവദിച്ചതായി സെക്രട്ടറി വിശദീകരിച്ചു.

ശ്രീ കെ.വി.മാത്തുകുട്ടി, കണനിൽക്കും കാലയിൽ എന്ന വ്യക്തി ടിയാൾക്ക് 2 ഏക്കറിൽകൂടുതൽ വസ്തു ഇല്ലായെന്ന് ബോധിപ്പിച്ചുകൊണ്ട് പഞ്ചായത്ത് കമ്മിറ്റിയ്ക്ക് നൽകിയ കത്ത് പരിഗണിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരമാണ് ടിയാന് പെൻഷൻ അനുവദിച്ചിട്ടുള്ളതെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി.

ശ്രീമതി വൽസല, പുത്തൻപുരയിൽ എന്നയാളുടെ 11.01.2019-ലെ അപേക്ഷ വി.ഇ.ഒ. റിപ്പോർട്ടിൻ പ്രകാരം നിരസിച്ചിരുന്നുവെന്നും ടിയാൾ 27.07.2020-ന് വീണ്ടും പെൻഷന് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വി.ഇ.ഒ. റിപ്പോർട്ട് പരിഗണിച്ച് 30.10.2020-ലെ കമ്മിറ്റി തീരുമാനപ്രകാരമാണ് ടിയാൾക്ക് പെൻഷൻ അനുവദിച്ചിട്ടുള്ളതെന്ന് സെക്രട്ടറി വിശദീകരിച്ചു.

ശ്രീ രവീന്ദ്രൻ, ചരുവുകാലായിൽ എന്നയാളുടെ പഞ്ചായത്ത് കമ്മിറ്റി മുമ്പാകെയുള്ള അപേക്ഷ പരിഗണിച്ച് കമ്മിറ്റി തീരുമാനം എടുത്താണ് പെൻഷൻ അനുവദിച്ചിട്ടുള്ളതെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി.

അനർഹരായവർക്ക് പെൻഷൻ അനുവദിച്ചത് സംബന്ധിച്ച് സെക്രട്ടറി ഹാജരാക്കിയിട്ടുള്ള മേൽ വിശദീകരണം അംഗീകരിക്കാവുന്നതല്ല. മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ഒന്നും തന്നെ സെക്രട്ടറി ഹാജരാക്കുകയുണ്ടായില്ല.

സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകന്റെ ഭൗതിക സാഹചര്യങ്ങൾ സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസൃതമായി പരിശോധന നടത്തി അർഹരായ വ്യക്തികൾക്ക് പെൻഷൻ അനുവദിക്കേണ്ടത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്. ഇത് കൃത്യമായി ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്വം പ്രാദേശിക സർക്കാർ സെക്രട്ടറിമാരിൽ നിക്ഷിപ്തമാണ്. ക്ഷേമ പെൻഷനുള്ള അപേക്ഷ ലഭിച്ചാൽ അതിന്മേൽ സമഗ്രമായ അന്വേഷണം നടത്തി സെക്രട്ടറിക്ക് റിപ്പോർട്ട് നൽകി കഴിഞ്ഞ് സെക്രട്ടറി അതിന്മേൽ ക്രോസ് പരിശോധന നടത്തിയ ശേഷമേ അപേക്ഷ അംഗീകരിക്കാൻ പാടുള്ളൂവെന്നും അനർഹരായവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുകയാണെങ്കിൽ അപേക്ഷകനെക്കുറിച്ച് പ്രാഥമിക അന്വേഷണം നടത്തിയ ഉദ്യോഗസ്ഥനും പ്രാദേശിക സർക്കാർ സെക്രട്ടറിയും സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തിയതിന് തുല്യ ബാധ്യസ്ഥരായിരിക്കുമെന്നും ഇതുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടാകുന്ന നഷ്ടം ടി ഉദ്യോഗസ്ഥരിൽനിന്നും ഇടാക്കുന്നതാണെന്നും സർക്കാർ ഉത്തരവായിരുന്നു.

അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റിയ്ക്ക് അംഗീകരിക്കാനാവാത്ത സാഹചര്യത്തിൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് സർക്കാർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതാണ് (31.03.2018-ലെ എസ്.എഫ്.സി.ബി.2/47/2017/ധന നമ്പർ സർക്കുലർ). ആയതു പ്രകാരം അപേക്ഷ ഒരു പുനരന്വേഷണത്തിന് വിധേയമാക്കേണ്ടതും വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, സെക്രട്ടറി, തദ്ദേശഭരണ സ്ഥാപനത്തിലെ മറ്റൊരു ഗസറ്റഡ് ഉദ്യോഗസ്ഥൻ എന്നിവരുടെ സമിതി അപേക്ഷയിന്മേൽ പുനരന്വേഷണം നടത്തേണ്ടതും പുതിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കേണ്ടതുമാണ്.

ടി അപേക്ഷകർ സാമൂഹ്യ സുരക്ഷാ പെൻഷന് അർഹരല്ല എന്ന റിപ്പോർട്ട് നിലനിൽക്കേ മേൽ പറഞ്ഞ പ്രകാരം അപേക്ഷ പുനരന്വേഷണത്തിന് വിധേയമാക്കാതെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, വീണ്ടും അപേക്ഷ സ്വീകരിച്ചും ഇവർക്ക് പെൻഷൻ അനുവദിച്ചത് ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ച് ഭരണവകുപ്പ് തലത്തിൽ സത്വരമായ അന്വേഷണം നടത്തുന്നതിനും, പ്രസ്തുത ഗുണഭോക്താക്കൾ അനർഹരാണെന്ന് അന്വേഷണത്തിൽ സ്പഷ്ടമാകുന്ന പക്ഷം ഉത്തരവാദികളായവരിൽനിന്നും സർക്കാർ ഖജനാവിനുണ്ടായിട്ടുള്ള നഷ്ടം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതിനും ശുപാർശ ചെയ്യുന്നു.

## 1-38 അങ്കണവാടികളിലെ അടിസ്ഥാന സൌകര്യങ്ങൾ - അവലോകനം

പഞ്ചായത്തിൽ 23 അങ്കണവാടികളാണുള്ളത്. ഇവയിൽ 11 എണ്ണത്തിനുമാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. 12 അങ്കണവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. എല്ലാ അങ്കണവാടികളിലും ടോയ്‌ലറ്റ് ഉണ്ടെങ്കിലും ഇവയിൽ പലതും ഉപയോഗ യോഗ്യമല്ലെന്ന് ഐ,സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചു. അതുപോലെതന്നെ ചില അങ്കണവാടികളുടെ കതകുകളും, ജനലുകളും ജീർണ്ണിച്ച നിലയിലാണെന്നും, മിക്ക അങ്കണവാടികളിലും, ആവശ്യത്തിന് ഫർണിച്ചറുകളും, പാത്രങ്ങളും ഇല്ലെന്നും അറിയിച്ചു. വികേന്ദ്രീകൃതാസൂത്രണം രണ്ട് ദശാംബ്ദങ്ങൾ പിന്നിട്ടിട്ടും സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ അങ്കണവാടികൾക്കും കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ലെന്നത് ഖേദകരമാണ്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എല്ലാ അങ്കണവാടികൾക്കും സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനും, ടോയ്‌ലറ്റ്, കുടിവെള്ളം, ഫർണിച്ചറുകൾ മുതലായ മറ്റ് അടിസ്ഥാന സൌകര്യങ്ങളിലെ അപര്യാപ്തകൾ പരിഹരിക്കുന്നതിനും പഞ്ചായത്ത് മുന്തിയ പരിഗണന നൽകേണ്ടതാണ്.

അങ്കണവാടികളുടെ വാടക 1000 രൂപ നിരക്കിലാണ് കേന്ദ്ര സർക്കാർ അനുവദിക്കുന്നത്. ഈ തുക വാടക നൽകുന്നതിന് പര്യാപ്തമല്ല. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ കാര്യത്തിൽ കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന വാടകയും യഥാർത്ഥ വാടകയും തമ്മിലുള്ള വ്യത്യാസം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം വഹിക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ അത് നടപ്പാക്കിയിട്ടില്ല. വാടക വ്യത്യാസം പഞ്ചായത്തിൽനിന്നും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾ നടത്തുക, അങ്കണവാടികളിൽ സുരക്ഷതത്വ സംവിധാനങ്ങൾ ഉറപ്പാക്കുകയും പ്രവേശനോത്സവം സംഘടിപ്പിക്കുക മുതലായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നെങ്കിലും (22.03.2011-ലെ 31055/ഡി.സി.2 /2011/തസ്വഭവ നമ്പർ സർക്കുലർ) പ്രസ്തുത നിർദ്ദേശങ്ങൾ പഞ്ചായത്തിൽ പ്രാവർത്തികമാക്കിയിട്ടില്ല. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് അധികൃതരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അങ്കണവാടികൾക്ക് ഫർണീച്ചർ - നടപടി ക്രമങ്ങളിലെ വീഴ്ചമൂലം അധികച്ചെലവ്

2019-20 സാമ്പത്തിക വർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി അങ്കണവാടികൾക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതിക്കായി 4 ലക്ഷം രൂപ ചെലവഴിച്ചു. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | വികസന ഫണ്ട് |
|---|---|
| ബില്ലിന്റെ വിശദാംശങ്ങൾ | 19051152004900034298/ 05-04-2019<br>19051152004900034300/ 05-04-2019<br>19051152004900034299/ 05-04-2019 |

പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചപ്പോൾ 4 ടെണ്ടർ ലഭിക്കുകയുണ്ടായി. അതിൽ ഏറ്റവും കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്തത് കിക്കോ ബിസിനസ് കോർപ്പറേഷൻ എന്ന സ്ഥാപനമായിരുന്നു. എന്നാൽ കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാതെ ഏറ്റവും കൂടിയ നിരക്കിലുള്ള ടെണ്ടറാണ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളത് (കമ്മിറ്റി തീരുമാനം നം. 3(1) തീയതി 11-02-2019). ടെണ്ടർ പ്രകാരം വാങ്ങിയ ഫർണീച്ചറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | നിരക്ക് (കൂടിയത്) | ആകെ തുക | നിരക്ക് (കുറഞ്ഞത്) | തുക | വ്യത്യാസം |
|---|---|---|---|---|---|---|
| സ്റ്റീൽ ടേബിൾ | 23 | 2590 | 59,570 | 2480 | 57040 | 2530 |
| സ്റ്റീൽ റാക്ക് | 21 | 2798 | 58758 | 2090 | 43890 | 14868 |
| പ്ലാസ്റ്റിക് ചെയർ വലുത് | 210 | 363 | 76230 | 340 | 71400 | 4830 |
| പ്ലാസ്റ്റിക ചെയർ ചെറുത് | 70 | 229 | 16030 | 187 | 13090 | 2940 |
| സ്റ്റീൽ അലമാര എണ്ണം | 24 | 7999 | 191976 | 6440 | 154560 | 37416 |
| ആകെ തുക (ലിമിറ്റ് ചെയതത്) | | | 400000 | | 339980 | 60020 |

അഞ്ച് സാധനങ്ങളുടെയും ആകെ വിലയായി കിക്കോ ബിസിനസ് കോർപ്പറേഷൻ ക്വോട്ട് ചെയ്തിരുന്നത് 11,537 രൂപയായിയിരുന്നു. എന്നാൽ ഏറ്റവും കൂടിയ നിരക്ക് ക്വോട്ട് ചെയ്ത ജെയ്സൺ ഇംപെക്സ്, മൂത്തോലിയുടെ 13,979 രൂപയുടെ ക്വോട്ടേഷനാണ് കമ്മിറ്റി അംഗീകരിച്ചത്. നാലു ടെണ്ടറുകളിൽ ജെയ്സൺ ഇംപെക്സിന്റെ ടെണ്ടറിൽ മാത്രമാണ് വാറന്റി രേഖപ്പെടുത്തിയിട്ടുള്ളത് എന്ന കാരണത്താലാണ് ടെണ്ടർ അംഗീകരിക്കുന്നത് എന്ന് കമ്മിറ്റി വിലയിരുത്തി തീരുമാനം എടുത്തിരിക്കുന്നു. ഇത് അംഗീകരിക്കാവുന്നതല്ല. 07-01-2019-ൽ നൽകിയ ക്വട്ടേഷൻ നോട്ടീസിലെ (നം.8/2019) നിബന്ധനകളിൽ ഗ്യാരന്റി/വാറന്റി സംബന്ധിച്ച നിബന്ധനകൾ ഉൾപ്പെടുത്തിയിരുന്നില്ല. ടെണ്ടർ നടപടികൾ ആരംഭിച്ചുകഴിഞ്ഞാൽ പിന്നീട് നിബന്ധനകൾ മാറ്റാൻ പാടില്ല. ഉയർന്ന നിരക്കിലുള്ള സാധനങ്ങൾ വാങ്ങാനുള്ള കമ്മിറ്റി തീരുമാനത്തോട് സെക്രട്ടറി വിയോജനകുറിപ്പ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഏത് നിരക്കിലുള്ള സാധനങ്ങളാണ് വാങ്ങേണ്ടതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ ശുപാർശ ചെയ്തിട്ടുമില്ല. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് അങ്കണവാടികൾക്ക് വിതരണം ചെയ്തതിനുള്ള രേഖകളും ഫയലിൽ ലഭ്യമല്ല. കൂടിയ നിരക്കിലുള്ള സാധനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച് സെക്രട്ടറിയുടെ വിയോജനകുറിപ്പുണ്ടായിരുന്നിട്ടും കുറഞ്ഞനിരക്കിലുള്ള സാധനങ്ങൾ വാങ്ങാതിരുന്നതുമൂലം 60,020 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇനിമേൽ

വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.24/09-03-2020) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സാഹചര്യത്തിൽ കൂടിയ വിലയ്ക്ക് സാധനം വാങ്ങാൻ തീരുമാനമെടുത്ത കമ്മിറ്റിയിൽ ഹാജരായിരുന്ന 9 അംഗങ്ങളിൽ നിന്നും നിന്നും അധികം ചെലവഴിച്ച 60,020 രൂപ തുല്യമായി ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-2 നടപടിക്രമങ്ങളിലെ വീഴ്ചമൂലം അധികച്ചെലവ്

സീതക്കുഴി വനിതാ കമ്മ്യൂണിറ്റി ഹാൾ വയറിംഗ് എന്ന പദ്ധതിക്ക് (എസ്.0220/20) 2019-20 സാമ്പത്തിക വർഷം 97,647 രൂപ ചെലവഴിച്ചിട്ടുണ്ട് (ബിൽ നം.19051152004100034305/ 05-04-2019). 2018-19 സാമ്പത്തിക വർഷം ഒരു ലക്ഷം രൂപ വികസനഫണ്ട് വകയിരുത്തി ആരംഭിച്ച പ്രോജക്ടാണിത്. പദ്ധതിക്ക് ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത (85000 രൂപ) ശ്രീ. രാജേന്ദ്രൻ, പടിഞ്ഞാറേതിൽ, സീതത്തോട് എന്ന വ്യക്തിക്ക് 29-12-2018-ൽ സെലക്ഷൻ നോട്ടീസ് നൽകി കരാർ ഉറപ്പിച്ചു നൽകുകയുണ്ടായി. ടിയാൻ നിരതദ്രവ്യമായി 1000 രൂപയും സെക്യൂരിറ്റി നിക്ഷേപമായി 1500 രൂപയും പഞ്ചായത്തിൽ ഒടുക്കുകയുണ്ടായി.

പ്രവൃത്തി എടുത്ത ശ്രീ. രാജേന്ദ്രൻ, എസ്റ്റിമേറ്റ് പ്രകാരം സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുമെന്ന് കമ്മിറ്റിക്ക് വിശ്വാസമില്ലാത്തതിനാൽ കരാർ റദ്ദു ചെയ്യുവാനും ടിയാന്റെ ഡെപ്പോസിറ്റുകൾ തിരികെ നൽകുവാനും 16-1-2019-ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയുണ്ടായി (തീരുമാനം നമ്പർ 2/4). തുടർന്ന് 14-2-2019-ൽ പ്രവൃത്തി റീടെണ്ടർ ചെയ്യുകയും ശ്രീ കുര്യാക്കോസ്, വൈക്കത്തിന് 98372 രൂപ നിരക്കിൽ (എസ്റ്റിമേറ്റ് നിരക്ക്) കരാർ ഉറപ്പിച്ചു നൽകുകയും ചെയ്തു. ആദ്യ കരാർ റദ്ദുചെയ്യാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.17/05-03-2022), ആദ്യ തവണ പ്രവൃത്തി എടുത്ത വ്യക്തി ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടും സമയബന്ധിതമായി പ്രവൃത്തി ചെയ്യുന്നതിൽ വീഴ്ച വരുത്തിയ സാഹചര്യത്തിലാണ് റീ-ടെണ്ടർ നടപടികൾ സ്വീകരിച്ചത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. 29-12-2018-ൽ സെലക്ഷൻ നോട്ടീസ് നൽകി കരാർ ഉറപ്പിച്ചു നൽകിയ വ്യക്തി സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ചില്ലെന്നുള്ള തീരുമാനം എടുത്തിരിക്കുന്നത് 16-1-2019-ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റിയാണ്. ഇത് ധൃതിപിടിച്ച് എടുത്ത തീരുമാനമായിട്ടേ കരുതാൻ സാധിക്കുകയുള്ളു. കൂടാതെ ആദ്യ കരാറുകാരൻ പ്രവൃത്തി ഉപേക്ഷിച്ചെങ്കിൽ, ഒടുക്കിയ സെക്യൂരിറ്റി നിക്ഷേപം കണ്ടുകെട്ടുന്നതിന് പകരം തീരുമാനമെടുത്ത് തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നടപടിക്രമങ്ങൾ പാലിക്കാതെ പ്രവൃത്തി റീ ടെണ്ടർ ചെയ്തതുവഴി 12,647 രൂപ അധികം ചെലവാക്കിയതായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രവൃത്തി റീ-ടെണ്ടർ ചെയ്യാൻ തീരുമാനമെടുത്ത കമ്മിറ്റിയിൽ ഹാജരായിരുന്ന അംഗങ്ങളിൽ നിന്നും സെക്രട്ടറിയിൽ നിന്നും തുല്യമായി തുക ഈടാക്കുവാൻ ഓഡിറ്റ് നിർദ്ദേശിക്കുന്നു.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 39,481 | ഐ.സി.ഡി.എസ്. – എസ്.എൻ.പി. (ജനറൽ) | 39,481 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 3,00,000 | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി | 1,31,725 | 1,68,275 |
| ബ്ലോക്ക് പഞ്ചായത്ത് | 6,00,000 | സുന്ദരബാല്യം സുഭിക്ഷിത ബാല്യം | 4,00,890 | 1,99,110 |
| ബ്ലോക്ക് പഞ്ചായത്ത് | 75,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 69,650 | 5,350 |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 85,76,698 | ലൈഫ് ഭവനപദ്ധതി | 0 | 85,76,698 |
| ജില്ലാ പഞ്ചായത്ത് | 1,19,02,395 | ലൈഫ് ഭവനപദ്ധതി | 0 | 1,19,02,395 |
| ജില്ലാ പഞ്ചായത്ത് | 1,50,000 | ലൈഫ് ഭവനപദ്ധതി | 0 | 1,50,000 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് (പ്രോജക്ട് നം.) | ഏജൻസി | തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് |
|---|---|---|---|---|
| 1 | ആങ്ങമൂഴി ഇടുപ്പുകല്ലിൽ കുഴൽ കിണർ നിർമ്മാണം (S0172/20) | ഭൂജല വകുപ്പ് | 76681 | 21935 |
| 2 | ചരുവിൽപ്പടി സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ (S0174/20) | കെ.എസ്.ഇ.ബി. | 123758 | ഇല്ല |
| 3 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | ,, | 338270 | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 62,21,902 | 1,39,17,473 | 2,01,39,375 | 13,82,353 | -- | 1,87,57,022 |

തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന ലോൺ തുക, വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകയുമായി വ്യത്യാസമുണ്ട്. ലോൺ തിരിച്ചടവിലേക്കായി സ്രോതസ്സിൽ കുറവ് ചെയ്ത 13,82,353 രൂപ അക്കൗണ്ട് ചെയ്തിട്ടില്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2002-03 | 2-7 | ഓഡിറ്റ് സമയത്ത് വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കുന്നതിൽ വീഴ്ച | പരാമർശം തീർപ്പാക്കിയിട്ടില്ല |

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 10,64,58,878 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,14,84,209 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | 78667 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 914538 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 66020 | ഭരണസമിതി അംഗങ്ങൾ |
| 3-2 | | 12647 | ഭരണസമിതി അംഗങ്ങൾ ശ്രീ ജി.അശോക കുമാർ, സെക്രട്ടറി |
| ആകെ | | 78667 | |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-30 | 1,39,648 | ശ്രീ രാഘവൻ പി.സി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-32 | 583750 | ശ്രീ ശ്രീകുമാർ എസ്. ,കൃഷി ഓഫീസർ |
| 1-33 | 1,91,140 | ശ്രീ ബഞ്ചി ദാനിയേൽ, കൃഷി ഓഫീസർ |
| ആകെ | 914538 | |

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സവാദത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ രാഘവൻ പി.സി., അസി.എഞ്ചിനീയർ | എൽ.എസ്.ജി.ഡി., സീതത്തോട് | വൈകുണ്ഠം, പുത്തനമ്പലം, കൊല്ലം ജില്ല |
| ശ്രീ ജി. അശോക കുമാർ, സെക്രട്ടറി | സെക്രട്ടറി, സീതത്തോട് ഗ്രാമപഞ്ചായത്ത് | ദേവ് സദനം, തണ്ണിത്തോട് പി.ഒ. |
| ശ്രീ ശ്രീകുമാർ എസ്. കൃഷി ഓഫീസർ | കൃഷി ഓഫീസർ, നാറാണംമൂഴി | ശ്രീസാരസ്, കോട്ട പി.ഒ., കാരക്കാട് – 68950 |
| ശ്രീ ബഞ്ചി ദാനിയേൽ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, കണിച്ചാർ | ബിജോയ് വില്ല, കല്ലുമേൽ പി.ഒ., മാവേലിക്കര |

| വാർഡ് | പേര് , വിലാസം |
|---|---|
| 1 | പി.ആർ.പ്രമോദ്, പുളിയ്ക്കൽ വീട്, കോട്ടമൺപാറ പി.ഒ. സീതത്തോട് |
| 2 | ബീനമോഹനൻ, വേലിയക്കകത്ത് വീട് ആങ്ങമൂഴി പി.ഒ. സീതത്തോട് |
| 3 | വി. കുമാർ, കെ.എഫ്.ഡി.സി. കോളനി, ഗവി. |
| 4 | ശ്രീന ഷിബു, ചാങ്ങയിൽ, ആങ്ങമൂഴി പി.ഒ |
| 5 | ലേഖ സുരേഷ്, കുട്ടിമുരുപ്പേൽ, ആങ്ങമൂഴി പി.ഒ, വാലുപാറ |
| 6 | സതിമധു,പുത്തൻപുരയിൽ, കൊച്ചുകോയിക്കൽ പി.ഒ. സീതത്തോട് |
| 7 | സജിനി സുരേഷ്, ചരിവുകാലായിൽ കൊച്ചുകോയിക്കൽ പി.ഒ. സീതത്തോട് |
| 8 | സൂസൻ മേബിൾ സലീം, താന്നിമൂച്ചിൽ, സീതത്തോട് പി.ഒ. കോട്ടക്കുഴി |
| 9 | സുമേഷ് കുമാർ ബി. എസ്. ബൗണ്ടറിക്കൽ, ഗുരുനാഥൻമണ്ണ് പി.ഒ. സീതത്തോട് |
| 10 | ശ്യാമള ഉദയഭാനു, മാലത്തറയിൽ, സീതത്തോട് പി.ഒ. |
| 11 | ജി.നന്ദകുമാർ ചിലമ്പോലിൽ, സീതത്തോട് പി.ഒ. |
| 12 | ബീന മുഹമ്മദ് റാഫി, ചന്ദനപറമ്പിൽ, സീതത്തോട് പി.ഒ. മൂന്നുകല്ല് |
| 13 | ഡി. അച്ചൻകുഞ്ഞ്, പള്ളിപറമ്പിൽ, കോട്ടമൺപാറ പി.ഒ. അള്ളുങ്കൽ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.പി.റ്റി.എ–പി3.30/00 തീയതി 11.4.01/5.6.01 | 5 |
| 1999-00 | എൽ.എഫ്.പി.റ്റി.എ–പി3.64/01 തീയതി 14.2.01 | 26 |
| 2000-01(ജ.ആ) | എൽ.എഫ്.പി.റ്റി.എ–പി4.422/03 തീയതി 7.1.04/2.8.04 | 16 |

| | | |
|---|---|---|
| 2001-02(ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4.29/06 തീയതി 9.2.07 | എല്ലാ ഖണ്ഡികകളും |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി5.477/10 തീയതി 8.12.10/29.7.11 | എല്ലാ ഖണ്ഡികകളും |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4.923/07 തീയതി 2.3.08 | എല്ലാ ഖണ്ഡികകളും |
| 2002-03(വരവ്) | എൽ.എഫ്.പി.റ്റി.എ-പി5.478/10 തീയതി10.12.10/15.3.11 | എല്ലാ ഖണ്ഡികകളും |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി5.976/08 തീയതി 30.6.09 | എല്ലാ ഖണ്ഡികകളും |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി5.977/08 തീയതി 29.7.99 | 10 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി3.625/09 തീയതി 22.2.10 | എല്ലാ ഖണ്ഡികകളും |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി5.626/09 തീയതി 8.12.10 | 16 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി5.479/10 തീയതി 2.7.11 | 25 |
| 2008-09 To 2010-11 | എൽ.എഫ്.പി.റ്റി.എ-പി6.336/13 തീയതി 5.7.13 | 03 |
| 2011-12 | എൽ.എഫ്.പി.റ്റി.എ-പി6.337/13തീയതി 5.7.13 | 02 |
| 2012-13 & 2013-14 | എൽ.എഫ്.പി.റ്റി.എ-പി6.183/15 തീയതി 07.04.15 | 03 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ പി6.856/2016 തീയതി 27.07.2016 | 07 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി6.1284/2016 തീയതി 24.11.2016 | 16 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി6/1110 /17/03.10.17 | 21 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി6/106 /19/06.03.19 | 20ഖണ്ഡികകൾ 3-1, 3-2, 3-3, 3-4, 3-10, 3-12, 3-13, 3-14, 3-15, 3-16, 3-23, 3-24, 3-25, 4-1, 4-2, 4-7, 4-8, 4-9, 4-10,4-11 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി6/730 /19/16.09.2019 | 3 ഖണ്ഡികകൾ (2-2, 2-3, 3-3-1(2),(3)) |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്